For Private Circulation Only

September 2023

ആഗമനാരുണൻ

HOLY BIBLE

Vol.70

"നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടിതനു ..... സ്നേഹത്തിൽ നമ്മെ മുന്നിയമിക്കയും ചെയ്തുവല്ലോ" (എഫെ.1:4)

No.9

വിശുദ്ധീകരണത്തിനു വേണ്ടിയുള്ള നമ്മുടെ കർത്താവിന്റെപ്രാർത്ഥന

By Charles H. Spurgeon

"സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യം ആകുന്നു" (യോഹ. 17:17).

യോഹന്നാൻ സുവിശേഷം 17 -ാം അദ്ധ്യായം അറിയപ്പെടുന്നത് കർത്താവിന്റെ പ്രാർത്ഥന യെന്നാണ്. അതിപരിശുദ്ധസ്ഥലത്തെ പ്രാർത്ഥന എന്നാണ്. ഇവിടെ കർത്താവായ യേശുക്രിസ്തു തന്റെ പിതാവുമായി ഈ രഹസ്യ സ്ഥലത്ത് വളരെ അടുത്ത് സ്നേഹസംഭാഷണത്തിൽ ഏർപ്പെടുകയാണ്. ഇവിടെ കർത്താവായ യേശുക്രിസ്തു തന്റെ ഹൃദയം തുറന്ന് നമുക്കുവേണ്ടി പിതാവിനോട് തന്റെ ആഗ്രഹങ്ങളും ആവശ്യങ്ങളും പറയുകയാണ്. ഇവിടെ സത്യത്തിന്റെ പ്രകാശനം നാം കാണുന്നു, നാം മുഖാമുഖമായി സത്യത്തെ കാണുന്നു. നമ്മുടെ വിഷയം ഈ പ്രാർത്ഥനയുടെ മദ്ധ്യഭാഗത്ത് കാണുന്നു, അത് ഈ പ്രാർത്ഥനയുടെ ഹൃദയഭാഗമാണ്.

തന്റെ ആഗ്രഹമായി തന്റെ ജനത്തിന്റെ വിശുദ്ധീകരണം ഈ പ്രാർത്ഥനയിലുടനീളം നാം കാണുന്നു. എന്നാൽ ഇത് കൂട്ടിച്ചേർത്തു, പ്രഖ്യാപനം നടത്തി, ഒറ്റ വാചകത്തിൽ അതിനെ സൂചിപ്പിച്ചു, " സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യം ആകുന്നു". വിശുദ്ധീകരണത്തെക്കുറിച്ചുള്ള നമ്മുടെ കർത്താവിന്റെ മദ്ധ്യസ്ഥതയും പ്രാർത്ഥനയും അവരെ വിശുദ്ധീകരിക്കേണം എന്നുള്ള നിലവിളിയും എത്ര ഉന്നതമായ അനുഗ്രഹമാണ്. നാം നിൽക്കുന്ന സ്ഥലം വിശുദ്ധഭൂമിയാണ്, സംസാരിക്കുന്ന സംസാരം, അവനെക്കുറിച്ചുള്ള ചിന്തകൾ അനുഗ്രഹിക്കപ്പെട്ടതാണ്. പരിശുദ്ധാത്മാവേ, വന്നു വിശുദ്ധിക്കുവേണ്ടിയുള്ള ഈ പ്രാർത്ഥനയുടെ അർത്ഥം ഞങ്ങളെ പഠിപ്പിക്കേണമേ.

ആദ്യമായി, ഞാൻ നിങ്ങളുടെ ശ്രദ്ധയെ ചോദിക്കുന്നത്, എന്താണ് രക്ഷകൻ ചോദിക്കുന്നത് - അവരെ വിശുദ്ധീകരിക്കേണമേ, അടുത്തതായി, ആർക്കുവേണ്ടിയാണ് അവിടുന്ന് ചോദിക്കുന്നത് - അവിടുത്തെ പിതാവ് തനിക്കു കൊടുത്തിട്ടുള്ളവർക്കുവേണ്ടി, മൂന്നാമതായി, ആരെക്കുറിച്ചാണ് ചോദിക്കുന്നത്, പിതാവായ ദൈവത്തോട് രക്ഷകൻ ചോദിക്കുന്നത് താൻ മാത്രം തന്റെ ജനത്തെ വിശുദ്ധീകരിക്കുവാൻ കഴിയുന്നവൻ എന്നാണ്. അവസാനമായി, നാം അന്വേഷിക്കും, എങ്ങനെയാണ് ഈ അനുഗ്രഹം പിടിച്ചെടുക്കുന്നത് - "അവിടുത്തെ സത്യത്തിലൂടെ അവരെ വിശുദ്ധീകരിക്കേണമേ," കർത്താവ് ഒരു വിശദീകരണം അതിനോടു ചേർത്തു പറയുന്നു. അതു കർത്താവിന്റെ വചനത്തിലൂള്ള വിശ്വാസത്തിന്റെ ഏറ്റുപറച്ചിലായിരുന്നു. അതേ കാര്യത്തിന് വേണ്ടി വിശ്വാസത്തിന്മേലുള്ള ഒരു നിർദ്ദേശവും കൂടിയായിരുന്നു നിന്റെ വചനം സത്യം ആകുന്നു".

എന്താണ് വിശുദ്ധീകരണം

ആരംഭത്തിങ്കൽ എന്താണ് തന്റെ ചോദ്യം എന്ന് പരിഗണിക്കുകയാണ്. എന്താണ് നമ്മുടെ കർത്താവ് പിതാവിൽ നിന്നും അപേക്ഷിക്കുന്ന അനുഗ്രഹത്തിന്റെ രൂപ രേഖ? താൻ ഒന്നാമതായി പ്രാർത്ഥിക്കുന്നു, " അവരെ കാത്തുകൊള്ളേണമേ", വീണ്ടും താൻ പ്രാർത്ഥിക്കുന്നു, ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം " അവരെ കാത്തുകൊള്ളേണമേ" (വാക്യം 15). എന്നാൽ നിഷേധാത്മകമായ ദുഷ്ടന്റെ കയ്യിൽ നിന്നും വിടുവിക്കേണമേ എന്ന പ്രാർത്ഥന പര്യാപ്തമല്ല, അവിടുന്ന് സാധകാത്മകമായ അവരുടെ വിശുദ്ധീകരണമാണ് അന്വേഷിക്കുന്നത്. അതുകൊണ്ട് തന്റെ പ്രാർത്ഥന, അവരെ വിശുദ്ധീകരിക്കണമേ. ഈ വചനം എന്നുള്ളത് ഒരു പരിഗണനനൽകുന്ന രീതിയിലുള്ള അർത്ഥമാണ്.

സമർപ്പണം അഥവാ പ്രതിഷ്ഠിക്കൽ

ഇതിന്റെ അർത്ഥം ഒന്നാമതായി, ആരാധനയ്ക്കായി സമർപ്പിക്കുന്നു, താഴോട്ട് വായിക്കുന്നു, ഞാൻ അവർക്കുവേണ്ടി എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു (വാക്യം 19). ഇത് കർത്താവിന്റെ കാര്യത്തിൽ ഒരിക്കലും പാപത്തിൽ നിന്നുമുള്ള വിശുദ്ധീകരണം എന്ന് അർത്ഥമാക്കുന്നില്ല, കാരണം നമ്മുടെ രക്ഷകൻ പാപമില്ലാത്തവൻ ആണ്, അവന്റെ പ്രകൃതി പാപത്താൽ മലിനപ്പെട്ടതല്ല, തന്റെ പ്രവർത്തികൾ എല്ലാം തന്നെ ഊനമില്ലാത്തവയാണ്. മാനുഷിക കണ്ണുകൾക്കോ പൈശാചിക കണ്ണുകൾക്കോ ഒരു കുറ്റവും കണ്ടുപിടിക്കാനാവില്ല, അവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നാണ്. ദൈവീക ഉദ്ദേശങ്ങളുടെ നിവർത്തിയാണ് അ വിടുത്തെ വിശുദ്ധീകരണം. "ഇതാ നിന്റെ ഇഷ്ടം ചെയ്യുവാൻ ഞാൻ വരുന്നു....." (എബ്രാ.10:9). ഈ അർത്ഥത്തിൽ നമ്മുടെ മദ്ധ്യസ്ഥനായ കർത്താവു ചോദിക്കുന്നത്, അവിടുത്തെ ജനം എല്ലാം അവിടുത്തെ വിശുദ്ധ ആരാധനയ്ക്കായി വിളിക്കപ്പെട്ടവരും ഒരുക്കപ്പെട്ടവരുമാണ്. പ്രാർത്ഥന അർത്ഥമാക്കുന്നത്. പിതാവേ, നിന്നിൽ അവരെ ഏകാഗ്രമാക്കേണമേ, അങ്ങ് അയപ്പാനുള്ള ആലയമായി അവരെ രൂപാന്തരപ്പെടുത്തണമേ, അവിടുത്തെ കരങ്ങളിലെ ആയുധമായി അവരെ ഉപയോഗിക്കേണമേ.

നാം ലോകക്കാരല്ല, നമ്മൾ ലക്ഷ്യമുള്ളവരാണ്; നാം സാത്താനുള്ളവരല്ല, നാം ദൈവത്തിനുള്ളവരാണ്, നാം നമുക്കുള്ളവർ അല്ല, നാം വിലയ്ക്ക് വാങ്ങപ്പെട്ടവരാണ്, അവിടുന്ന് വില നിൽകി നമ്മെ വാങ്ങിയിരിക്കുന്നു. നാം യേശുവിനുള്ളവരാണ്. പിതാവിന് നമ്മെ അവകാശികളാക്കിതീർത്തു, അവിടുന്ന് നമ്മെ സ്വീകരിച്ച് തന്റെ ഉദ്ദേശത്തിനായി നമ്മെ വിശുദ്ധീകരിച്ചിരിക്കുന്നു. നിങ്ങൾ ഹൃദയംഗമായി ഈ സമർപ്പണത്തിൽ യോജിക്കുന്നില്ലേ! നിങ്ങൾ കരയുന്നില്ലേ, പിതാവേ, അങ്ങയുടെ ആരാധനയിലേക്ക് ഞങ്ങളെ വിശുദ്ധീകരിക്കേണമേ.

നാം തെറ്റിപ്പോയ ആടുകൾ ആയിരുന്നു, നാം മടങ്ങി നല്ല ഇടയനും, ഉടയവനുമായവങ്കലേയ്ക്ക് അടുത്തു വന്നിരിക്കുന്നു, നാം അവിടുത്തെ ജനവും അവിടുത്തെ ആടുകളും ആയിരിക്കുന്നു. ആരെ

(ശേഷം 2-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച)

വിശുദ്ധീകരണത്തിനുവേണ്ടിയുള്ള നമ്മുടെ കർത്താവിന്റെ പ്രാർത്ഥന

ങ്കിലും നമ്മോട് ചോദിച്ചാൽ, "നിങ്ങൾ ആരുടെ വക യാണ്?" ഞ ങ്ങൾ പറയും, " ഞാൻ യേശുവിനുള്ളവൻ " ആരെങ്കിലും അന്വേ.ഷിച്ചാൽ, എന്താണ് നിങ്ങളുടെ ജോലി? ്നാം മറുപടി പറയും യോന യെപ്പോലെ ഞാൻ ദൈവത്തെ ഭയപ്പെടുന്നു.

നാം ഇപ്പോൾ നമ്മുടെ സ്വന്തം നടത്തിപ്പിൽ അല്ല; ഞങ്ങളെ തന്നെ വിറ്റുകളഞ്ഞ് വിലകുറഞ്ഞനിലവാരത്തിലും അല്ല, താല്ക്കാലികമായതിലും സ്വാർത്ഥമായ താല്പര്യങ്ങളിലും അല്ല, പിന്നെയോ കർത്താവിന്റെ സേവയോടുള്ള ബന്ധത്തിൽ ഉന്നതമായ ലക്ഷ്യത്തിനുവേണ്ടി ഞങ്ങൾ ബന്ധപ്പെട്ടിരിക്കുകയാണ്. ഞങ്ങളുടെ കൈകൾ കർത്താവിനുവേണ്ടി ഉയർത്തപ്പെട്ടിരിക്കുന്നു, പുറകോട്ടു വലിക്കുവാൻ ഞങ്ങൾക്ക് കഴിയുകയില്ല. ആ ഉന്നതമായ ഉടമ്പടിയിൽ നിന്നും ഞങ്ങൾ പിൻമാറുകയില്ല, അവസാനം വരെയും അതിനെ പാലിക്കേണം എന്നു തന്നെയാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. പാപം ചെയ്യുവാനുള്ള സ്വാതന്ത്ര്യത്തെ ഞങ്ങൾ ആഗ്രഹിക്കുന്നില്ല, സ്വസ്ഥതയ്ക്കുവേണ്ടിയുള്ള സ്വാതന്ത്ര്യം ഞങ്ങൾ ആഗ്രഹിക്കുന്നില്ല, പകരം ഞങ്ങൾ ഇങ്ങനെ പ്രാർത്ഥിക്കും, യാഗപീഠത്തിന്റെ കൊമ്പുകളോളം യാഗമൃഗത്തെ കയറുകൊണ്ട് കെട്ടുവിൻ. ഞങ്ങളെ വിശുദ്ധീകരിക്കേണമേ. ഞങ്ങൾ അറിയട്ടേ, ലോകം അറിയട്ടെ, ഞങ്ങൾ അങ്ങയുടെതാണെന്ന്, കാരണം ഞങ്ങൾ ക്രിസ്തുവിനായി അന്ത്യം വരെയും ജീവിക്കും.

വേർപെട്ട് ദൈവത്തോടുകൂടെ

ദൈവത്തിനുള്ളവർ, ദൈവസേവയ്ക്ക് സമർപ്പിക്കപ്പെട്ടവർ, മറ്റുള്ളവരിൽ നിന്നും അകന്നുകൊള്ളട്ടെ. പൗരോഹിത്യശുശ്രൂഷകൾക്കായി നിയമിക്കപ്പെട്ടവർക്ക് പ്രത്യേക ചട്ടങ്ങളും വിധികളുമുണ്ട് വിശുദ്ധീകരണ ചട്ടങ്ങളമുണ്ട്. എത്ര ഉന്നതമായ വേലയാണ് കൂടാരത്തിൽ നമുക്കുള്ളത് എന്നോർക്കേണം. ആലയത്തിൽ ശുശ്രൂഷിക്കുവാനും ധ്യാനശുശ്രൂഷകളെ നയിക്കുവാനും എത്ര ഉന്നതമായ വേലയാണ് ആലയത്തിൽ ഒരുക്കിയിരിക്കുന്നത്. ശബ്ബത്ത് ദിവസത്തെ ദൈവം വിശുദ്ധീകരിച്ച് സ്വസ്ഥമായിരുന്നു. ദൈവത്തിനായി സമർപ്പിക്കപ്പെട്ടവർ മറ്റുശേഷം മനുഷ്യരിൽ നിന്നും വേർപ്പെട്ട് ഇരിക്കേണ്ടതാണ്.

" അവരുടെ നടുവിൽ നിന്നു പുറപ്പെട്ടു വേർപ്പെട്ടിരിപ്പിൻ എന്ന് കർത്താവ് അരുളിചെയ്യുന്നു; അശുദ്ധമായത് ഒന്നും തൊടരുത്; എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ട് നിങ്ങൾക്ക് പിതാവും നിങ്ങൾ എനിക്ക് പുത്രന്മാരും പുത്രിമാരും ആയിരിക്കും " (2കൊരി. 6:17,18). ദൈവസഭ എന്നുള്ളത് ഒരു പാതിവൃത്യമുള്ള കന്യക ആയിരിക്കേണം, സകലത്തിലും അവൾ കർത്താവിനുവേണ്ടി വർജനം ആചരിക്കേണം. തന്റെ സ്വന്തം വാക്കുകളിൽ തന്റെ ജനത്തെ കുറിച്ച് പറയുന്നത്, "ഞാൻ ലൗകികനല്ലാത്തതു പോലെ അവരും ലൗകികന്മാരല്ലാത്തതുകൊണ്ട് ലോകം അവരെ പകെച്ചു " (യോഹ. 17:14).

അങ്ങനെ വിശുദ്ധീകരിക്കപ്പെട്ടവർ അവിശ്വാസികളുമായി വേർപെട്ട്, മറ്റുള്ളവരുമായി ഒരുമിച്ചു പാപത്തിനു വേണ്ടിയുള്ള ഓട്ടം നിർത്തി, ഈ ലോകത്തിന്റെ ദുഷ്ട സംസർഗങ്ങളുമായി ഒത്തു പോകാൻ കഴിയാതെ, ഭൂമിയിൽ അന്യരും പരദേശികളുമായി ഓർത്തുകൊണ്ട് പാർത്തു. അവർ അധികം നല്ലതിനെ തെരഞ്ഞെടുത്തു. ഈ കാലങ്ങളിൽ സഭയ്ക്ക് ലോകത്തിൽ ദൈവത്തിന്റെ പ്രമാണങ്ങളിൽ നിലനിന്ന് സംസ്കാരത്തിൽ ഉറച്ചുനിന്ന് ദൈവത്തെ മഹത്വപ്പെടുത്തുവാൻ കഴിയുന്നു. ലോകത്തിനനുരൂപമായി തീർന്നുപോയാൽ ലോകം നമ്മെ കീഴ്പ്പെടുത്തും.

(ശേഷം 8-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" കർത്താവായ ഹോവേ നീ തന്നേ ദൈവം നിന്റെ വചനങ്ങൾ സത്യം ആകുന്നു. അടിയനു ഈ നന്മയെ നീ വാഗ്ദത്തം ചെയ്തിരിക്കുന്നു. ആകയാൽ അടിയന്റെ ഗൃഹം തിരുമുമ്പിൽ എന്നേക്കും ഇരിക്കേണ്ടതിനു പ്രസാദം തോന്നി അനുഗ്രഹിക്കേണമേ. കർത്താവായ യഹോവേ നീ അങ്ങനെ അരുളിചെയ്തിട്ടുണ്ടല്ലോ. നിന്റെ അനുഗ്രഹത്താൽ അടിയന്റെ ഗൃഹം എന്നേക്കും അനുഗ്രഹിക്കപ്പെട്ടിരിക്കും (2ശമു. 7:28,29)

ദൈവാനുഗ്രഹങ്ങളും സമൃദ്ധിയായ സമ്പത്തും നിങ്ങൾക്കു ലഭിക്കുമ്പോൾ ദൈവവചനം മറ്റുള്ളവരിലേക്ക് പകരപ്പെടുന്നതിന് നിങ്ങൾ നൽകാൻ തുടങ്ങും. ദൈവം നിങ്ങളെ അനുഗ്രഹിക്കും. നിങ്ങളുടെ കണ്ണുനീർ തുടയ്ക്കും. നിങ്ങളുടെ തലമുറകളെ ദൈവം അനുഗ്രഹിക്കും. നിങ്ങളുടെ നല്ല പ്രവൃത്തികളെ ദൈവം മറക്കുകയുമില്ല. ഇപ്പോൾ തന്നെ നിങ്ങളുടെ ജീവിതത്തെ ദൈവത്തിനായി സമർപ്പിക്കുക. നിങ്ങളുടെ ഹൃദയം യേശുവിനായി നൽകുക.

ദൈവത്തിന് പ്രസദാകരമായ കാര്യങ്ങൾ മാത്രം ചെയ്യുക. ദൈവത്തിന്റെ വഴിയിൽ നടക്കാൻ ശ്രമിക്ക. നിങ്ങൾ ദൈനംദിനം വിശ്വാസത്തിൽ വളരുകയും അതിൽ വർദ്ധിച്ച് വന്ന് ദൈവനാമത്തെ മഹത്വപ്പെടുത്തുകയും ചെയ്യുക.

ദൈവം ഒരു വാഗ്ദത്തം നൽകിയാൽ അത് അവിടുന്ന് നിറവേറ്റുക തന്നെ ചെയ്യും. താൻ വാഗ്ദത്തം ചെയ്തതു നിവർത്തിക്കാതെ വിട്ടുമാറുകയില്ല. ദൈവം നിങ്ങളെ അനുഗ്രഹിക്കുമ്പോൾ കൂടുതൽ നന്മയുണ്ടാകും. ദൈവം ആകാശത്തിലെ കിളിവാതിലുകളെ തുറന്ന് നിങ്ങളെ അനുഗ്രഹിക്കട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

(2-ാം പേജിന്റെ തുടർച്ച)

വിശുദ്ധീകരണത്തിനുവേണ്ടിയുള്ള നമ്മുടെ കർത്താവിന്റെ പ്രാർത്ഥന

ദൈവവചനം പറയുന്നു, ഇരുളിന് വെളിച്ചവുമായി ഒരു ബന്ധവുമില്ല. ദൈവത്തെ ഭയപ്പെടുന്നവനും ദൈവത്തെ ഭയപ്പെടാത്തവനും തമ്മിൽ വലിയ അന്തരം ഉണ്ട്.

ദൈവവചനം സത്യമാണ്, “ നാം ദൈവത്തിൽ നിന്നുള്ളവർ എന്ന് നാം അറിയുന്നു. സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു ” (1 യോഹ. 5:14). “ നിങ്ങൾ ലോകക്കാർ ആയിരുന്നു എങ്കിൽ ലോകം തനിക്ക് സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു; എന്നാൽ നിങ്ങൾ ലോകക്കാരായിരിക്കാതെ ഞാൻ നിങ്ങളെ ഈ ലോകത്തിൽ നിന്നു തെരഞ്ഞെടുത്തതുകൊണ്ട് ലോകം നിങ്ങളെ പകയ്ക്കുന്നു ” (യോഹ. 15:9). സഭ ലോകവുമായി സഖിത്വം അന്വേഷിച്ചു എങ്കിൽ ദൈവത്തിന്റെ വചനത്തിൽ ഇങ്ങനെ വായിക്കുന്നു, വ്യഭിചാരിണികൾ ആയുള്ളോരേ ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതനാകുവാൻ ഇച്ഛിക്കുന്നവൻ എല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു (യാക്കോ. 4:4). ലോകസ്നേഹികളായി കുറ്റവാളികളും ആത്മീക വ്യഭിചാരം ചെയ്യുന്നവരായി വെറുക്കപ്പെട്ട പാപികളെ അവൻ വിധിക്കുന്നു. ലോകത്തിൽ നിന്നും വേർപ്പെട്ട് ജീവിക്കുക എന്നതാണ് ക്രിസ്തുവിന്റെ പ്രാർത്ഥന.

ദൈവത്തിന് സമർപ്പിക്ക എന്നതും വേർപെട്ടിരിക്ക എന്നതും മുറുകെ പിടിച്ചുകൊണ്ട് ആയിരുന്നാൽ നാം പ്രാർത്ഥനയുടെ യഥാർത്ഥ അർത്ഥവുമായി അടുത്തു ചെല്ലുകയാണ്.

ദൈവജനത്തെ വിശുദ്ധരാക്കുക

അതേ സമയം, “ വിശുദ്ധീകരണം ” എന്ന വാക്ക് അർത്ഥമാക്കുന്നത് പൊതുവായി ദൈവജനത്തെ വിശുദ്ധീകരിക്കുക എന്നാണ്. അവരെ വിശുദ്ധീകരിക്ക എന്നാൽ അർത്ഥമാക്കുന്നത് ഒരു നല്ല സ്വഭാവം ഉണ്ടാക്കിയെടുക്ക എന്നാണ്. “ കർത്താവേ, നിന്റെ ജനത്തെ വിശുദ്ധീകരിക്കേണമേ എന്നത് നമ്മുടെ ദിവസേനയുള്ള പ്രാർത്ഥനയായിരിക്കേണം. നിങ്ങളുടെ ശ്രദ്ധയെ ചോദിക്കുന്നത് ഗ്രീക്കിൽ ഈ വാക്കിന്റെ അർത്ഥം മറ്റൊരുവിധത്തിലാണ്. ശുദ്ധീകരണം എന്ന അർത്ഥത്തിലാണ്. ഇത് അതിനെക്കാൾ ഒരു ഉന്നതമായ അർത്ഥമാണ്. പ്രീയ സഹോദരന്മാരേ, നിങ്ങൾ ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെട്ടിരിക്കുന്നു എങ്കിൽ നിങ്ങൾ പൊതുവായ അകൃത്യങ്ങളിൽ നിന്നും പാപങ്ങളിൽ നിന്നും ശുദ്ധീകരണം പ്രാപിച്ചിരിക്കുന്നു എന്നതിന് ഒരു സംശയവുമില്ല. ധാർമ്മികമായി പരാജയപ്പെട്ടവർ, വിശ്വസ്ഥതയില്ലാത്തവർ, ദയയില്ലാത്തവർ, സത്യം ഇല്ലാത്തവർ എല്ലാം ദൈവരാജ്യത്തിന് അന്യരാണ്. ഇവർക്ക് എങ്ങനെ ദൈവമക്കളായിരിക്കാൻ കഴിയും. മനുഷ്യർക്ക് തന്നെ നല്ല മക്കളായിരിപ്പാൻ കഴിയുന്നതല്ല. അങ്ങനെ നാം വിധിക്കും, നേരായി വിധിക്കും. ദൈവത്തിന്റെ ജീവൻ വസിക്കുന്ന മനുഷ്യ ഹൃദയത്തിൽ പാപത്തിന് വസിപ്പാൻ കഴികയുകയില്ല.

പാപത്തിന്റെ മാലിന്യങ്ങളിൽ നിന്നും രക്ഷപ്പെട്ട തെറ്റായ കാര്യങ്ങൾ ചെയ്യാതെ ദൈവസന്നിധിയിൽ തങ്ങളെ തന്നെ താഴ്ത്തി, കൃപയുടെ ആദ്യപാഠങ്ങളിൽ വളരുന്നു. “ ക്രിസ്തയേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിച്ചിരിക്കുന്നു ” (ഗലാ. 5:24). എന്നാൽ വിശുദ്ധീകരണം എന്നത്, ധാർമ്മികതയെക്കാൾ വളരെ വലുതാണ്, സാധാരണ പാപങ്ങളിൽ നിന്നുള്ള വിടുതൽ മാത്രമല്ല, ജഡസ്വഭാവത്തിന്റെയും മരണത്തിന്റെ കാഠിന്യത്തിൽ നിന്നും വിടുതൽ കൂടിയാണ്, ആത്മീകവും ദിവ്യവുമായ വിടുതൽ ആണ്.

കർത്താവായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേയ്ക്കല്ല ജഡസ്വഭാവം വരുന്നത്, ജഡത്തെ അതിജീവിക്കുന്ന ആത്മശക്തി ആവശ്യമാണ്. നമ്മുടെ പ്രാർത്ഥന ഇതാണ്. കർത്താവേ ഞങ്ങളെ ആത്മീയരാക്കേണമേ, ഞങ്ങളെ ഉയർത്തേണമേ, ദൈവവുമായുള്ള കൂട്ടായ്മയിൽ വസിപ്പിൻ. ഞങ്ങളെ സഹായിക്കേണമേ. ജഡത്തിനോ രക്തത്തിനോ അതിനെ അറിയുവാനോ വെളിപ്പെടുത്തുവാനോ കഴിയുകയില്ല എന്ന് ഞങ്ങൾ അറിയുമാറാകട്ടെ. ദൈവത്തിന്റെ ഇഷ്ടം ഞങ്ങളിൽ സമ്പൂർണ്ണമാക്കി ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ സമ്പൂർണ്ണ അധികാരത്തിലും ഞങ്ങളെ നടത്തുമാറാകട്ടെ, ഇതാണ് വിശുദ്ധീകരണം.

വിശുദ്ധീകരണം എന്നത് ശുദ്ധീകരണം എന്നതിനെക്കാൾ ഉയർന്ന പദമാണ്, അതും ഉൾപ്പെട്ടിരിക്കുന്നു എന്നാൽ വിശുദ്ധീകരണം

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാം പേജിന്റെ തുടർച്ച)

വിശുദ്ധീകരണത്തിനുവേണ്ടിയുള്ള നമ്മുടെ കർത്താവിന്റെ പ്രാർത്ഥന

എന്ന പദം കുറെ അധികം. ഇത് സാധാരണ ശുദ്ധീകരണമാണ് എന്നാൽ നമുക്ക് ആവശ്യമായിരിക്കുന്നത് എല്ലാ നന്മയുള്ള ഒരു സമ്പൂർണ്ണമായ നിറവാണ്. നിങ്ങൾ ഒരു ധാർമ്മികനാണോ, നിങ്ങളുടെ നീതി പരീശന്മാരുടെയും ശാസ്ത്രീമാരുടേതിനേക്കാൾ ശ്രേഷ്ഠമേറിയതാണോ? നിങ്ങളുടെ കടങ്ങൾ നീതി പൂർവ്വമായി കൊടുത്തു തീർക്കുന്നു എങ്കിൽ, ദരിദ്രർക്ക് നിങ്ങൾ സഹായം ചെയ്യുന്നു എങ്കിൽ, മതപരമായ ചടങ്ങുകൾ എല്ലാം നിങ്ങൾ നിറവേറ്റുന്നു എങ്കിൽ, നിങ്ങൾ ചെയ്യുന്ന കാര്യം മറ്റുള്ളവരെക്കാൾ നിങ്ങൾ ചെയ്യുന്നു എങ്കിൽ, തെറ്റായി എണ്ണാൻ കഴിയുമോ?

ദൈവമക്കൾ ദൈവസ്നേഹം വെളിപ്പെടുത്തേണ്ടതാണ്, അവന്റെ മഹത്വത്തിന്റെ മുദ്രയാൽ നാം നിറയപ്പെടേണം, ആർദ്രതയുള്ളവരായി അവർ ജീവിക്കേണം, സ്വർത്ഥത ഇല്ലാത്തതവരായി ജീവിക്കേണം, ദൈവത്തോടുകൂടെ അവർ നടക്കേണം, ഉന്നതമായ കൂട്ടായ്മ ബന്ധം അവർ കാക്കുന്നവരായിരിക്കേണം, വീണ്ടും ജനിക്കാത്തവർക്ക് മനസിലാക്കത്തക്ക നിലയിലുള്ള ലക്ഷ്യവും ഉദ്ദേശവും ഉള്ളവരായിരിക്കേണം. മറ്റുള്ളവർക്കില്ലാത്ത ഒരു ജീവിതം നിങ്ങൾക്കുണ്ടായിരിക്കേണം, ഒരു രാജ്യത്തിന്റെ ദർശനം നിങ്ങൾക്കുണ്ടായിരിക്കേണം. ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഇതിനെ അനുഭവത്തിലൂടെ മനസിലാക്കുവാൻ നമ്മെ സഹായിക്കും.

പ്രിയരെ, ഈ പ്രാർത്ഥന വളരെ പ്രധാനപ്പെട്ടതാണ്, വിശുദ്ധീകരണം കൂടാതെ നമുക്ക് എങ്ങനെ രക്ഷിക്കപ്പെടുവാൻ കഴിയും, ഇങ്ങനെ എഴുതിയിരിക്കുന്നു. " എല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ, ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല " (എബ്രാ. 12:14). പാപം നമ്മുടെമേൽ വാഴുമ്പോൾ എങ്ങനെ നമുക്ക് രക്ഷിക്കപ്പെടുവാൻ കഴിയും? നാം വിശുദ്ധരായി ജീവിച്ചില്ലെങ്കിൽ, ആത്മീകരായി ജീവിച്ചില്ലെങ്കിൽ എങ്ങനെ നമുക്ക് പറയുവാൻ കഴിയും, പാപത്തിന്റെ ശക്തിയിൽ നിന്നും ഞാൻ വീണ്ടെടുക്കപ്പെട്ടെന്ന്.

വിശുദ്ധീകരിക്കപ്പെടാഞ്ഞാൽ നാം കർത്താവിന്റെ വേലയ്ക്ക് അനർഹരാണ്. കർത്താവായ യേശു നമ്മിൽ ഓരോരുത്തരേയും, പിതാവ് അയച്ചതുപോലെ പറഞ്ഞയ്ക്കുവാൻ തീരുമാനിച്ചു. എന്നാൽ വിശുദ്ധീകരണം പ്രാപിക്കാത്ത ഒരുവനെ വിശുദ്ധീകരണമില്ലാത്ത ആളുകളുടെ അടുക്കൽ എങ്ങനെ അയക്കും. കർത്താവിന്റെ പാത്രങ്ങൾ വിശുദ്ധീകരിക്കപ്പെട്ടരിക്കേണ്ടതല്ലയോ?

വിശുദ്ധീകരണം കൂടാതെ നമുക്ക് ആത്മാവിൽ സന്തോഷിക്കുവാനോ ആന്തരികമായ മാധുര്യം അനുഭവിക്കുവാനോ കഴിയുകയില്ല. വിശുദ്ധീകരിക്കപ്പെടാത്തവർ സംശയാലുക്കളും പേടിയുള്ളവരും ആയിരിക്കുകയില്ലയോ? വിശുദ്ധീകരിക്കപ്പെടാത്തവർ മതത്തിന്റെ പുറമേയുള്ള അനുഭവങ്ങളിൽ നിന്നും അവർ ഇങ്ങനെ പറയും. എത്ര ക്ഷീണമേറിയ അവസ്ഥയാണിത്! അത്ഭുതങ്ങളില്ല, അതിന്റെ ആന്തരികമായ സന്തോഷം അവർക്കറിഞ്ഞുകൂടാ, ദൈവത്തിങ്കലെ സന്തോഷം എന്തെന്ന് അവർ പഠിച്ചിട്ടില്ല. കർത്താവിന്റെ വെളിച്ചത്തിൽ അവർ നടന്നിട്ടില്ല. കർത്താവിന്റെ പ്രകാശത്തിൽ നടക്കുന്നതിനെക്കുറിച്ചോ യഥാർത്ഥ ദൈവഭക്തിയെക്കുറിച്ചോ അവർക്കറിയില്ല. എനിക്കുവേണ്ടി നിങ്ങൾക്കുവേണ്ടി, ലോകത്തെമ്പാടുമുള്ള സകല സഭകൾക്കും വേണ്ടിയും പ്രർത്ഥനയാണിത്, " പിതാവേ, നിന്റെ സത്യത്തിലൂടെ അവരെ വിശുദ്ധീകരിക്കേണമേ ".

തന്റെ ജനത്തിനു വേണ്ടിയുള്ള ഒരു പ്രാർത്ഥന

ഇപ്പോൾ നിങ്ങളുടെ ശ്രദ്ധയെ ചോദിക്കുന്നു, ഈ രണ്ടാം പ്രാവശ്യം ആർക്കുവേണ്ടിയാണ് ഈ പ്രാർത്ഥന സമർപ്പിക്കപ്പെട്ടിരിക്കുന്നത്. പാപത്തിൽ മരിച്ചിരിക്കുന്നവർക്ക് യോജിക്കുന്ന ഒരു പ്രാർത്ഥനയല്ല ഇത്. രക്ഷിക്കപ്പെട്ടിരിക്കുന്ന സ്ത്രീകളുടെയും പുരുഷന്മാരുടെയും ഒരു കൂട്ടായ്മയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയാണിത്. അവരെക്കുറിച്ച് കർത്താവ് പറയുന്നു, അവർ എന്റെ വചനം കാത്തുകൊണ്ട്, " അവർ നിനക്കുള്ളവർ ആയിരുന്നു; നീ അവരെ എനിക്ക് തന്നു; അവർ നിന്റെ വചനം പ്രമാണിച്ചുമിരിക്കുന്നു " (യോഹ. 17:6). രക്ഷിക്കപ്പെട്ട ഓരോ വ്യക്തികളുമായുള്ളോരേ ഇത് നിങ്ങൾക്ക് വേണ്ടിയാണ്, യേശു പ്രാർത്ഥിക്കുന്നു, പിതാവ് ഇന്നും നിങ്ങളെ വിശുദ്ധീകരുക്കുന്നു.

ഞാൻ നിങ്ങളുടെ പ്രത്യേക ശ്രദ്ധയെ ചോദിക്കുന്നത്, ഈ പ്രാർത്ഥന പ്രാർത്ഥിച്ചിരിക്കുന്നത് കർത്താവിന്റെ വചനം പ്രസംഗിക്കുന്നവർക്കും പഠിപ്പിക്കുന്നവർക്കും അവരുടെ തലമുറയിലും വരും തലമുറകൾക്കും വേണ്ടിയത്രേ. ഇവയെല്ലാം കൈനിറയെ വിത്തുകളുമായി, വിതെച്ചിട്ട് അത് വളർന്ന് സഭകൾക്ക് അനുഗ്രഹമായിത്തീർന്നിട്ട് ദേശങ്ങൾ കൊയ്ത്തിന്റെ സന്തോഷത്താൽ നിറയപ്പെടേണ്ടതിനത്രേ. അവർ ഒരുക്കപ്പെട്ട് കർത്താവിന്റെ മിഷ്യനറിമാരായി അയയ്ക്കപ്പെടുവാനായി അവരെ വിശുദ്ധീകരിച്ചിരിക്കുന്നു. ഒരു വിശുദ്ധനായ ദൈവത്തിന് എങ്ങനെ അവിശുദ്ധരായ ദൂതന്മാരെ അയയ്ക്കുവാൻ കഴിയുക? വിശുദ്ധീകരണം പ്രാപിക്കാത്ത ശുശ്രൂഷകൻ അയയ്ക്കപ്പെടാത്ത ശുശ്രൂഷകനാണ്. ജീവിത വിശുദ്ധിയില്ലത്ത മിഷനറി, താൻ സന്ദർശിക്കുന്ന വീടുകൾക്ക് ഒരു ശാപമാണ്, ഒരു വിശുദ്ധജീവിതം ഇല്ലാത്ത അദ്ധ്യാപകൻ ഒരു സ്കൂളിന് അനുഗ്രഹത്തിന് പകരം ഒരു മുറിവാണ്. നിങ്ങൾ വിശുദ്ധീകരിക്കപ്പെട്ട വ്യക്തിയെങ്കിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തി നിങ്ങളിൽ വസിക്കുന്നു എന്ന് പ്രത്യാശ നിങ്ങൾക്കുണ്ട്, അത് നിങ്ങളോടു ചേർന്ന് പ്രവർത്തിക്കുന്നു, അനേകരെ കർത്താവിന്റെ പാദപീഠത്തിലേക്ക് നയിക്കുന്നു.

കർത്താവിന്റെ രാജ്യത്തിന്റെ വ്യാപ്തിയ്ക്കുവേണ്ടി കർത്താവായ ദൈവത്താൽ ഉപയോഗിക്കപ്പെടുന്ന ദൈവദാസന്മാരുടെ അടിസ്ഥാനയോഗ്യത എന്നത് വിശുദ്ധിയാണ്. കർത്താവിന്റെ പ്രാർത്ഥനയിൽ അപ്പോസ്തലന്മാർക്കും മറ്റുള്ളവർക്കും വേണ്ടി പ്രാർത്ഥിക്കുന്നത്, "പരിശുദ്ധ പിതാവേ, അവരെ വിശുദ്ധീകരിക്കേണമേ".

കൂടാതെ, നമ്മുടെ കർത്താവായ യേശുവിന്റെ പ്രാർത്ഥനയിൽ, " അവർ എല്ലാവരും ഒന്നാകേണ്ടതിന് " (യോഹ. 17:21). താൻ ആഗ്രഹിക്കുന്ന ഫലത്തിൽ വിശുദ്ധീ അതിപ്രധാനമാണ്. എന്തുകൊണ്ടാണ് നാം ഒന്നല്ലാതെ ആയിരിക്കുന്നത്? പാപം മനുഷ്യനെ ചിതറിക്കുന്ന ഒരു ഘടകമാണ്. സമ്പൂർണ്ണ വിശുദ്ധി സമ്പൂർണ്ണ ഐക്യതയെ ഉളവാക്കുന്നു. വിശുദ്ധിയുള്ള ആളുകൾ പരസ്പരം സ്നേഹിക്കുന്നു, അവർ കർത്താവിനെ സ്നേഹിക്കുകയും അവർ മറ്റുള്ളവരെ സ്നേഹിക്കുകയും ചെയ്യുന്നു, ഇങ്ങനെ അവർ ഒരുമിച്ചു വന്നു ഐക്യമായി കർത്താവിനെ സ്നേഹിക്കുന്നു. നമ്മുടെ തെറ്റുകളും പാപങ്ങളും കയ്പുള്ളവേരുകളെ മുളപ്പിക്കുന്നു, അത് നമ്മിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു, അങ്ങനെ അനേകർ മലിനപ്പെടുന്നു. ന്യായവിധിയെക്കുറിച്ചുള്ള തെറ്റായ ചിന്താഗതികൾ നല്ല സ്വഭാവരൂപീകരണത്തിന് തടസ്സമാവുകയും ദൈവത്തിൽ നിന്നും അകന്നു നടക്കാൻ ഇടയാവുകയും അത് ശീതോഷ്ണാവസ്ഥയിലേക്ക് നയിക്കുകയും അവ വളർന്ന് അനൈക്യതയും പക്ഷപാതവും വളർന്ന് ഗ്രൂപ്പുകളും ദൈവഭക്തിയില്ലാതവുകയും ചെയ്യും. നാം ക്രിസ്തുവിൽ വസിച്ച് അവി

(ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

വിശുദ്ധീകരണത്തിനുവേണ്ടിയുള്ള നമ്മുടെ കർത്താവിന്റെ പ്രാർത്ഥന

ടുത്തെ തലയോളം വളരുമ്പോൾ, നാം തമ്മിൽ ഐക്യമുള്ളവരായി നമ്മുടെ ദൈവത്തോട് ചേർന്നും ജീവിക്കുമ്പോൾ നമ്മുടെ കർത്താവിന്റെ വലിയ പ്രാർത്ഥനയാകുന്ന സഭയുടെ ഐക്യത നിറവേറുകയും ചെയ്യും.

മാത്രമല്ല, നമ്മുടെ കർത്താവു പൂർത്തീകരിച്ചു നീണ്ട പ്രാർത്ഥനയായ നാം എല്ലാവരും തന്നിൽ ഒന്നാകേണ്ടതിന് എവിടെ താൻ ആയിരിക്കുന്നുവോ അവിടെ തന്റെ മഹത്വപൂർണ്ണമായ അവസ്ഥയിൽ ആകേണ്ടതിന് തന്നെ. പൂർണ്ണവിശുദ്ധീകരണം ഇതിന്റെ അടിസ്ഥാന സംഗതിയാണ്. വിശുദ്ധിയില്ലാതെ ഒരുവന് സ്വർഗ്ഗത്തിൽ പ്രവേശിപ്പാൻ കഴിയുമോ? വിശുദ്ധിയില്ലാതെ ഒരുവന് കണ്ണുകൾക്ക് ദൈവത്തിന്റെ മഹത്വം കാണുവാൻ കഴിയുമോ? ഇത് ഒരിക്കലും സാദ്ധ്യമല്ല. അവിടുത്തെ ശരീരത്തിന്റെ അവയവങ്ങളായിത്തീരുന്നില്ലെങ്കിൽ അവിടുത്തെ സന്തോഷങ്ങളിലും വിജയങ്ങളിലും പങ്കുകാരായിത്തീരുവാൻ നമുക്കു കഴിയുമോ? എങ്ങനെയാണ് വിശുദ്ധിയുള്ള ഒരു തലയ്ക്ക് ശുദ്ധിയില്ലാത്ത, അവിശ്വസ്ഥരായ അവയവങ്ങളായിരിപ്പാൻ കഴിയുക? ഇല്ല, സഹോദരന്മാരേ, ക്രിസ്തു വിശുദ്ധനാകയാൽ വിശുദ്ധി നമുക്കാവശ്യം. ഇപ്പോഴുള്ളതിലോ വരുവാനുള്ളതിലോ നിശ്ചയമായും ക്രിസ്തീയ ജീവിതത്തിൽ ശരിയായ നടപ്പും ശുദ്ധിയുള്ള ഹൃദയവും ആവശ്യമാണ്. പാപത്തിൽ ജീവിക്കുന്നവൻ പാപത്തിന്റെ ദാസനാകുന്നു. ആത്മാവിനാൽ പുതുക്കം പ്രാപിച്ച് സത്യത്തിലും, വിശുദ്ധിയിലും, സ്നേഹത്തിലും ജീവിക്കുന്നവർക്കു മാത്രമേ വിശുദ്ധിയുടെ സന്തോഷത്തിനും സ്വർഗ്ഗീയ ആനന്ദത്തിനും ഓഹരിക്കാരായിരിക്കുവാൻ കഴിയുകയുള്ളൂ.

നമ്മുടെ പരിശുദ്ധ പിതാവിന്റെ പ്രവർത്തികൾ

മൂന്നാമത്തെ വിഷയം, ആർക്കുവേണ്ടിയാണ് ഈ പ്രാർത്ഥന സമർപ്പിക്കപ്പെട്ടിരിക്കുന്നു എന്നതാണ്.

" നിന്റെ സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ". ഒരു ആത്മാവിനെ വിശുദ്ധീകരിക്കുവാൻ ആർക്കും കഴിയുകയില്ല. എന്നാൽ ആത്മാക്കളുടെ ഉടയവനായ സർവ്വശക്തനായ ദൈവത്തിനു കഴിയും. നമ്മെ സൃഷ്ടിച്ച ദൈവത്തിനും നമ്മെ വിശുദ്ധീകരിപ്പാൻ കഴിയും അല്ലാതെ നമുക്ക് ഒരിക്കലും സാദ്ധ്യമല്ല. നമ്മുടെ സുരക്ഷകൻ ദൈവത്തെ പരിശുദ്ധ ദൈവത്തിന്റെ ഭാഗമായി വിശുദ്ധി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു, പരിശുദ്ധ പിതാവിന് മാത്രമേ പരിശുദ്ധ കുഞ്ഞുങ്ങളുടെ പിതാവായിരിപ്പാൻ കഴിയുകയുള്ളൂ.

യേശുവിൽ വിശ്വസിക്കുന്ന നിങ്ങൾക്ക് ദൈവമക്കളായിത്തീരുവാൻ അധികാരം നൽകിയിരിക്കുന്നു. ആ അധികാരത്തിന്റെ ഭാഗമായി നാം വിശുദ്ധരായി, അവിടുത്തെ രൂപവും സ്വഭാവമുള്ളവരായിരിക്കുന്നു. നാം വിശുദ്ധർ എന്ന നിലയിൽ നാം അവിടുത്തെ രൂപം ധരിച്ച്, രണ്ടാം മനുഷ്യൻ എന്ന നിലയിൽ ആദ്യജാതനുമായി അനേകം സഹോദരന്മാർ അനുരൂപപ്പെടുന്നു. ദൈവത്തിന്റെ പ്രകൃതി വിശുദ്ധീക്കു വേണ്ടിയുള്ള പ്രാർത്ഥനയിൽ നമ്മെ ധൈര്യപ്പെടുത്തി, സാവധാനത്തിലല്ല തന്റെ സമ്പൂർണ്ണ ഇഷ്ടപ്രകാരം നമ്മിൽ പ്രവർത്തിക്കുന്നു.

പ്രീയരെ, ഈ വിശുദ്ധീകരണത്തിന്റെ പ്രവർത്തി എന്നത് അതിന്റെ ആദ്യത്തെ പടിയാണ്. നാം നമ്മിൽ തന്നെ വഴി തെറ്റിയവരായി നടക്കുന്നു എന്നാൽ നാം ഒരിക്കലും നല്ലയിടയന്റെ അടുക്കലേക്ക് മടങ്ങിവരാതെ ദൈവത്തിന്റെ പദ്ധതികളെ വിട്ടു നടക്കുന്നു. വീണ്ടും ജനനത്തിൽ വിശുദ്ധീകരണം ആരംഭിക്കുന്നു, മുഴുവനായി പരിശുദ്ധാത്മാവിന്റെ പ്രവർത്തിയാണ്. വിശുദ്ധിയുടെ ഓരോ ചിന്താഗതിയിലും, വിശുദ്ധീകരണ ശേഷം ഓരോ ആഗ്രഹങ്ങളിലും കർത്താവിൽ നിന്നും മാത്രം അതു വരേണം, നാം പ്രകൃതിയാൽ അധർമ്മികളായിത്തീർന്നിരിക്കുന്നുവല്ലോ.

അതുകൊണ്ട് നമ്മിലുള്ള പാപത്തിന്റെ അന്തിമവിജയം, നമ്മെ തന്നെപ്പോലെ ആക്കിത്തീർക്കുവാൻ, അവൻ എല്ലാം പുതുതാക്കിത്തീർക്കുന്നു, നമുക്കു ശക്തിയില്ലെങ്കിലും നമ്മിൽ പ്രവർത്തിക്കുന്ന വലിയ ശക്തിയാൽ അതു സാദ്ധ്യമായിത്തീരുന്നു. വിശുദ്ധീകരണം എന്നത് ആകാശവും ഭൂമിയും സൃഷ്ടിക്കുന്നതു പോല തന്നെ വലിയ ഒരു പ്രവർത്തിയാണ്. ആർക്കാണ് ഇത് കഴിയുക? യഥാർത്ഥ വിശുദ്ധീകരണം അതിന്റെ ആദിമുതൽ അവസാനംവരെ നടക്കുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവിനാലാണ്, താൻ തെരെഞ്ഞെടുത്ത ഓരോ വ്യക്തികളെയും വിശുദ്ധീകരിക്കുവാൻ ലോകത്തിലേയ്ക്ക അയച്ചു. നോക്കുക, അപ്പോൾ എത്ര ശ്രേഷ്ഠമേറിയ പ്രവൃത്തിയാണ് വിശുദ്ധീകരണം എന്നത്, നമ്മുടെ കർത്താവ് പിതാവിനോട് പ്രാർത്ഥിക്കുന്നു. "നിന്റെ നീതിയാൽ അവരെ വിശുദ്ധീകരിക്കേണമേ".

സത്യത്താൽ മാത്രം ഒരു മനുഷ്യനും വിശുദ്ധീകരിക്കപ്പെടുന്നില്ല. നാം ആചരിച്ചു പോരുന്ന ഒരു വിശ്വാസപ്രമാണമുണ്ട്, വളരെ പ്രധാനപ്പെട്ടതാണ്. അത് നാം ചെയ്യേണം. എന്നാൽ അത് നമ്മുടെ ഹൃദയത്തെ തൊടുന്നില്ല, നമ്മുടെ സ്വഭാവത്തെ സ്വാധീനിക്കുന്നുമില്ല, എന്താണ് നമ്മുടെ യാഥാസ്ഥിതിത്വത്തിന്റെ യഥാർത്ഥ മൂല്യം? ഇതു ഉപദേശമല്ല, വിശുദ്ധീകരണത്തിന്റെ ഉപദേശവുമല്ല, എന്നാൽ ഉപദേശത്തിന്റെ അർത്ഥത്തിൽ പിതാവ് വിശുദ്ധീകരിക്കുന്നു. ആത്മശക്തിയാൽ മനസ്സിൽ സംതൃപ്തിയടയപ്പെടുന്നു.

പുതിയ പ്രകൃതിയെ ലക്ഷ്യമിട്ട് വിശുദ്ധീകരണം ഏകാഗ്രത എന്നിവ കൊടുത്ത് സ്നേഹത്തിൽ അവനെതികഞ്ഞവനാക്കി തനിക്ക് സ്വന്തമാക്കി തീർക്കുക എന്നതാണ് ദൈവത്തിന്റെ ആത്മാവിന്റെ പ്രവർത്തി. അതെ, കൂടുതലായി, ചുറ്റുമുള്ള എല്ലാ കരുതലുകളും പ്രവർത്തിച്ച് ഒരു ലക്ഷ്യത്തിൽ എത്തിച്ച്, നമ്മുടെ സന്തോഷങ്ങളും നമ്മുടെ ദു:ഖങ്ങളും ശരീരത്തിലെ വേദനകളും ഹൃദയത്തിന്റെ ദു:ഖങ്ങളും നമ്മുടെ നഷ്ടങ്ങളും നമ്മുടെ ക്രൂശുകളും എല്ലാം പ്രകൃതിയാൽ നമുക്കുള്ള രോഗങ്ങളുടെ നല്ല ഔഷധമായി കണ്ട്, സന്തോഷത്തിനായി നമ്മെ ഒരുക്കി, ആത്മിക ആരോഗ്യമുള്ളവരാക്കി തീർക്കുകയാണ് ആത്മാവിന്റെ പ്രവർത്തി. ഇവയൊക്കെയും സ്വർഗ്ഗത്തിലേയ്ക്കുള്ള നമ്മുടെ വഴിയാത്രയിൽ നമ്മെയോഗ്യരാക്കി നമ്മുടെ യാത്രയുടെ അവസാനം വരെയും നടത്തുന്നു. നമ്മുടെ മരുഭൂപ്രയാണത്തിൽ സഹിച്ചു, പൊറുത്തു, നമ്മുടെ കുറ്റങ്ങളെ കണ്ടുപിടിച്ചു അനുതപിച്ച്, തരണം ചെയ്ത്, കളങ്കമില്ലാത്തവരായി ദൈവ സിംഹാസനത്തിൻ മുമ്പാകെ അവസാനത്തോളം നിർത്തുവാൻ നമ്മെ സഹായിക്കുന്നു.

നാം എന്താകും എന്ന് ഇതുവരെ പ്രത്യക്ഷമായിട്ടില്ല, അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നെ കാണുന്നതാകയാൽ അവനോട് സദൃശന്മാർ ആകും. നാം ഉയിർക്കുന്നു, കഠിനപോരാട്ടങ്ങളാലും, നീണ്ട കാത്തിരിപ്പിനാലും, ക്ഷമയോടുകൂടിയ കാത്തിരിപ്പിനാലും നാം വിശുദ്ധിക്കുവേണ്ടി ഉയിർക്കുന്നു. കഷ്ടത നമ്മുടെ കോതമ്പിനെ മെതിച്ചു അതിന്റെ പതിരിനെ പാറ്റികളയുന്നു. ദു:ഖങ്ങൾ നമ്മുടെ കീടങ്ങളെ ദഹിപ്പിച്ച് നമ്മുടെ പൊന്നിനെ അധികം ശോഭയുള്ളതാക്കി തീർക്കുന്നു.

(ശേഷം 8-ാംപേജിൽ)

ആത്മാവിന്റെ ശക്തിക്കും സാന്നിദ്ധ്യത്തിനും വേണ്ടിയുള്ള പ്രാർത്ഥന

By Rich Carmicheal

നാം ജീവിക്കുന്ന ഈ സമയം വളരെ ഗൗരവതരമായ സമയമാണ്, ദുഷ്ടത പെരുകിയിരിക്കുന്നു, നിയമരാഹിത്യം, വഞ്ചന പാപവും ആത്മീയ അന്ധതയും ബാധിച്ചിരിക്കുന്ന ഒരു കാലം ഈ പാപത്തിന്റെ ആധിക്യം ഒരു ബൈബിൾ പഠിതാവിനെ ഒരിക്കലും അത്ഭുതപ്പെടുത്തുന്നില്ല, അപ്പോസ്തലനായ പൗലൊസ് മുന്നറിയിപ്പു നൽകുന്നത്, “ അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരും എന്നറിക ” (2തിമൊ. 3:1). ആത്മീയ പോരാട്ടം ആവശ്യമായിരിക്കുന്നു, പിശാച് തന്റെ സമയം വളരെ കുറവാണെന്ന് അറിഞ്ഞു പ്രവർത്തിക്കുന്നു.

എല്ലാ കാര്യങ്ങളും അതിന്റെ പാരമ്യതയിൽ എത്തിയിരിക്കുന്നു, തീർച്ചയായും ഒരു കാര്യം അറിയുക, പാതാള ഗോപുരങ്ങൾ സഭയെ ജയിക്കയില്ല (മത്താ. 16:18). വിശ്വാസികൾ ദൈവത്തിന്റെ ശക്തിയിലും കൃപയിലും സുരക്ഷിതരാണ്, ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ട് എതിർത്തു നില്ക്കുന്നത് എത്ര നല്ലത്! (എഫെ. 6:10-18). എത്ര നല്ലവനാണ് നമ്മുടെ ദൈവം എന്നും, അവിടുന്ന് സകലത്തിന്മേലും അധികാരമുള്ളവൻ എന്നും തന്റെ ഉദ്ദേശങ്ങൾ ഒക്കെയും നിവർത്തിയാക്കപ്പെടുന്നു എന്നും അറിയുക! കർത്താവായ യേശുക്രിസ്തു തന്റെ മഹത്വത്തിൽ വേഗം വരും, രാജാധിരാജാവും കർത്താധികർത്താവും ആയവൻ സകല ദുഷ്ടതകളേയും ഭൂമിയിൽ നിന്നും എന്നും എന്നേയ്ക്കും നീക്കികളയും.

അതുകൊണ്ട് നമ്മുടെ ചുറ്റിലും ഉള്ള കാര്യങ്ങളെ നോക്കി ദു:ഖിച്ചിരുന്നേയ്ക്കാം, എന്നാൽ വരവിന്റെ പ്രത്യാശയാൽ നമ്മുടെ ഹൃദയങ്ങൾ നിറയപ്പെടട്ടെ. അതുകൊണ്ട് ഇത് അടങ്ങിയിരിക്കാനുള്ള സമയമല്ല, എന്നാൽ ഇതിനെ അവസരമാക്കി, ഇത് അടങ്ങിയിരിക്കാനുള്ള സമയമല്ല, എന്നാൽ, ഇതിനെ അവസരമാക്കി, “ ഇത് ദുഷ്ക്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ ” (എഫെ. 5:16).

ദൈവത്തിന്റെ അതിശ്രേഷ്ഠമേറിയ വിളിയുടെ വിശദീകരണം ശ്രദ്ധിക്കുക, “ സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ. നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും മഹാ ദൈവവും നമ്മുടെ രക്ഷിതാവും ആയ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും കാത്തുകൊണ്ട് ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ച് പോരേണ്ടതിന് അത് നമ്മെ ശിക്ഷിച്ചു വളർത്തുന്നു ” (തീത്തോ. 2:11-14). നാം കർത്താവിന്റെ സ്വന്തം പ്രത്യേക ജനം, കൃപയാൽ രക്ഷിക്കപ്പെട്ടിരിക്കുന്നു, അവിടുത്തെ വിലയേറിയ രക്തത്താൽ വീണ്ടെടുക്കപ്പെട്ടിരിക്കുന്നു, നീതിയിലും ദൈവഭക്തിയിലും സൽപ്രവർത്തികളിലും നിറഞ്ഞു കർത്താവിന്റെ മഹത്വത്തിനായി പ്രവർത്തിക്കുവാൻ ഏറ്റവും പറ്റിയ സമയമാണിത്.

പ്രകൃത്യാതീതമായ ഉറവിടങ്ങൾ

ദൈവത്തിന്റെ നാമത്തിന്റെ മഹത്വത്തിനായി ജീവിച്ചു ഫലം കായ്ക്കേണ്ടതിന് ഉള്ള സമയമാണിത്, മറ്റുള്ളവർക്കു കാണുവാൻ എന്തെങ്കിലും നമ്മുടെ ജീവിതത്തിൽ ഉണ്ടാകേണം നമ്മുടെ ജീവിതം കർത്താവിനായി ജീവിക്കുന്നു എന്നു പറയുമ്പോൾ അവർക്ക് കാണുവാനായി. കർത്താവിന്റെ സ്പർശനം നമ്മുടെ ജീവിതത്തിൽ ഉണ്ടായില്ല എങ്കിൽ അവരെ സ്വാധീനിക്കുന്നതായി ഒന്നും നമ്മുടെ ജീവിതത്തിൽ കാണുകയില്ല. അവിടുത്തെ കൂടാതെ നമുക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല (യോഹ. 15:5). നമ്മുടെ കഴിവുകളിൽ ആശ്രയിപ്പാൻ നമുക്കു കഴിയുകയില്ല, ജിംസിംബാല പറഞ്ഞിരിക്കുന്നതുപോലെ “ എന്തെങ്കിലും ഉയരത്തിൽ നിന്നും വരണം ” അഗ്നിയും ശക്തിയും അതു ദൈവത്തിന് മാത്രമേ പുറപ്പെടുവിക്കുവാൻ കഴികയുള്ളൂ. നമുക്കൊരു പ്രകൃത്യാതീതമായ ശക്തി, ജ്ഞാനം, കരുണ, ദൈവഭക്തി ആവശ്യമാണ്. ജീവജലത്തിന്റെ ഒഴുക്ക് വലിയ അളവിൽ നമുക്ക് ആവശ്യമാണ്. (യോഹ. 7:38). പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ നമുക്ക് ആവശ്യമാണ്. സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം (5:22,23).

നമുക്ക് ആവശ്യമുള്ളത് ഒക്കെയും നമുക്കു തരുവാൻ നമ്മുടെ കർത്താവു മതിയായവനാണ്. എ.ഡബ്ല്യൂ. ടോസർ ഓർമ്മിപ്പിക്കുന്നതുപോലെ നമ്മുടെ ദൈവം ആദിയും അന്തവുമില്ലാത്തവൻ, പരിധിയില്ലാത്ത ഉറവിടങ്ങൾ ഉള്ളവൻ, നിത്യജീവൻ കൈവശമുള്ളവൻ, സ്നേഹവും കരുണയും പകർന്നു തരുന്നവൻ. “ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ ” (എഫെ. 3:20). തന്റെ അരികിൽ നമ്മെ ചേർത്തുകൊള്ളുന്നവൻ, അവിടുന്നു വാഗ്ദത്തം ചെയ്ത് അടുത്തുവരുന്നവൻ (യാക്കോ. 4:8), നമുക്കു വേണ്ടി പ്രവർത്തിക്കുന്നവൻ, നമ്മുടെ ജീവിതങ്ങളെ തന്റെ ശക്തിയാൽ നിറയ്ക്കുന്നവൻ, തന്റെ ജീവനും സ്നേഹവും നമുക്ക് നൽകുന്നവൻ.

പരിശുദ്ധാത്മാവിന്റെ ശുശ്രൂഷ

എല്ലാറ്റിലും പ്രധാനപ്പെട്ട ശുശ്രൂഷയാണ് പരിശുദ്ധാത്മാവിന്റെ ശുശ്രൂഷ. കർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞു, “ എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾക്ക് ശക്തി ലഭിച്ചിട്ട് യരൂശലേമിലും, യഹൂദ്യയിലും, ശമര്യയിലും, ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും ” (അ.പ്ര. 1:8). ഇവയൊക്കെയും പ്രാർത്ഥിപ്പാനും കാത്തിരിക്കുവാനും തക്കവണ്ണം വിശ്വസ്തതയുള്ളവനാണ്, പെന്തെക്കോസ്തുനാളിൽ അവരുടെമേൽ പരിശുദ്ധാത്മാവിനെ നൽകികൊണ്ട് കർത്താവ് ആകാര്യത്തിന്മേൽ വിശ്വസ്തനായിരുന്നു (2:1). പിന്നെയും പരിശുദ്ധാത്മാവിനാൽ അവരെ നിറെച്ചുകൊണ്ടിരുന്നു (4:31). ഭൂലോകത്തെ കലഹിപ്പിച്ചവർ ഇവിടെയും എത്തി എന്ന് ദേശനിവാസികൾ പറയത്തക്കവണ്ണം അവിടുത്തെ ശക്തിയോടും സാന്നിദ്ധ്യത്തോടും കൂടെ സഞ്ചരിച്ച് അവരുടെ വിശ്വാസത്തെ ചുറ്റുമുള്ള ദേശങ്ങളിൽ പ്രചരിപ്പിച്ചു. (17:6).

നമുക്ക് എന്ത് സംഭവിച്ചു?

നാം കാത്തിരുന്നു പ്രാർത്ഥിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയും സാന്നിദ്ധ്യവും പ്രാപിക്കുവാൻ ഇഷ്ടപ്പെടുന്നുവോ? യേശു പഠിപ്പിക്കുന്നു, നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് അതിനെ നൽകുവാൻ തക്കവണ്ണം ജീവിക്കുന്നു. “ അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും! ” (ലൂക്കോ. 11:13). ഈ വാഗ്ദത്തത്തോട് കൂടെ, “ എന്നാൽ യാചിപ്പിൻ എന്നാൽ നിങ്ങൾക്ക് കിട്ടും, അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ എന്നാൽ നിങ്ങൾക്ക് തുറക്കും. യാചിക്കുന്നവന് ഏവനും ലഭിക്കുന്നു, അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു, മുട്ടുന്നവനു തുറക്കും എന്ന് ഞാൻ നിങ്ങളോടു പറയുന്നു ” (11:9,10). ഇതല്ലേ സമയം, ചോദിക്കുവാൻ, അന്വേഷിക്കുവാൻ, മുട്ടുവാൻ വീഞ്ഞൊഴുകുവോളം പരിശുദ്ധാത്മാവിനാൽ നിറയ്ക്കു

(ശേഷം 8-ാം പേജിൽ)

ക്രിസ്തുവിനുവേണ്ടി തീവ്ര പരിശ്രമം

By Thomas Reade

വിശ്വാസികളെ കടന്നു പിടിക്കാൻ സാദ്ധ്യതയുള്ള നശകരമായ നാലുപാപങ്ങളുണ്ട്. ലോകസ്നേഹം, സുഖലോലുപത്വം, മനുഷ്യഭയം, കരുതലിലുള്ള സംശയം. പുരാതനവിശ്വാസികൾ ഇവ എല്ലാറ്റിൽ നിന്നും ഒഴിഞ്ഞു ജീവിക്കുന്നു. അവർ ലോകത്തെ പകെയ്ക്കുന്നു, അതിന്റെ വശീകരണശക്തിയെയും മുഖസ്തുതികളെയും പകെക്കുന്നു; അവർ തങ്ങളെത്തന്നെ ത്യജിച്ചു ക്രൂശു വഹിപ്പാൻ തയ്യാറാകുന്നു; കർത്താവിനു വേണ്ടി കഷ്ടം സഹിക്കുന്നു, ധൈര്യത്തോടെ അവിടുത്തെ ഏറ്റുപറയുന്നു, അവർ എല്ലാറ്റിലും ദൈവത്തിൽ ആശ്രയിക്കുന്നു, സമ്പത്തുകളുടെ അപഹാരവും അവർ സന്തോഷത്തോടെ സഹിക്കുന്നു. എന്താണ് അനുഗ്രഹിക്കപ്പെട്ട ഫലം; അവർ ധാരാളമായി ആശ്വസിപ്പിക്കുന്നു; കൃപയിൽ വളർന്നു, ലോകത്തിൽ വെളിച്ചങ്ങളെപ്പോലെ പ്രകാശിക്കുന്നു. വിശ്വസിക്കുവർ സന്തോഷവും സമാധാനവും കണ്ടെത്തുന്നു.

എന്നാൽ ഇപ്പോൾ അവർ കൃപയിൽ തളർന്നവരായി കാണപ്പെടുന്നു, ഏറ്റുപറച്ചിലിൽ ഭീരുക്കളായി, ചെറുത്തിനില്പാൻ ഭയമുള്ളവരായി, പരിണിതഫലങ്ങളിൽ ഭീരുക്കളായി കാണപ്പെടുന്നു. തെറ്റായ സൂചനകളായ ഇവയൊക്കെയും ആത്മീയ നാശത്തെ കാണിക്കുന്നു! സുവിശേഷത്തിന്റെ ആത്മാവ് ഇല്ല. സ്വഭാവത്തിൽ മാതൃക ഇല്ല. കർത്താവിന്റെ നാമം മഹത്വപ്പെടുന്നില്ല.

അത്ഭുതങ്ങളില്ല, ലോകത്തിൽ സുവിശേഷീകരണമില്ല, പ്രവർത്തനങ്ങൾ മന്ദതയായി, മുൻ നിര വിശ്വാസികൾക്ക് ദൈവഭയം തീരെ കുറഞ്ഞിരിക്കുന്നു. ദൈവം തന്റെ ജനത്തെ ഉണർത്തട്ടെ, തന്റെ പ്രവർത്തിയെ ജീവിപ്പിക്കട്ടെ ഈ ദിവസങ്ങളിൽ.

യേശു പറഞ്ഞു, " എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾതോറും തന്റെ ക്രൂശ് എടുത്തുംകൊണ്ട് എന്നെ അനുഗമിക്കട്ടെ (ലൂക്കൊ. 9:23). മാനസികമായ സംഘർഷങ്ങൾ, അഹങ്കാരം, അവിശ്വാസം എന്നിവ ഉണ്ടാകുമ്പോൾ ക്രൂശ് ഭാരമായി തോന്നാറുണ്ട്. എന്നാൽ രക്ഷകനോടുള്ള സ്നേഹത്താൽ ഹൃദയം നിറയുമ്പോൾ, അപ്പോൾ ക്രൂശ് വെളിച്ചമായി മാറുന്നു. സന്തോഷം എല്ലാം സഹിക്കുവാൻ കാരണമാകുന്നു. അങ്ങനെ അപ്പോസ്തലന്മാർ സകലവും സന്തോഷം എന്ന് എണ്ണി ", പരീക്ഷയിൽ അകപ്പെടുന്നതും സന്തോഷം എന്നോർത്തു. കർത്താവായ യേശുവിന്റെ നാമത്തിനായി കഷ്ടം സഹിക്കുന്നതിൽ സന്തോഷമുള്ളവരായിത്തീർന്നു. ദൈവജനം കഷ്ടതയിലും ദൈവത്തെ മഹത്വപ്പെടുത്തി, സ്വന്തരക്തം കൊണ്ട് തങ്ങളുടെ വിശ്വാസത്തെ തെളിയിച്ചു.

സുഖലോലുപതയോടുള്ള സ്നേഹം, സ്വന്തമഹിമയോടുള്ള സ്നേഹം, ലോകസ്നേഹം, കുടുംബത്തിന്റെ സുരക്ഷിതത്വം എന്നിവയൊക്കെയും സുവിശേഷത്തിന്റെ ആത്മാവിനെ നശിപ്പിക്കുന്നു.

ഓരോ വിശ്വാസിയും രക്തസാക്ഷികളാകാൻ തയാറുണ്ടായിരിക്കേണം. ക്രിസ്തുവിനുവേണ്ടി യാഗമായിത്തീരുവാൻ, എല്ലാം ഉപേക്ഷിക്കുവാൻ തയ്യാറുള്ളവൻ ആയിരിക്കേണം. ഒക്കൊലമ്പാടിയസ് എന്ന ഉണർവ്വുകാരൻ തന്റെ സ്നേഹിതന് എഴുത്തിൽ പറയുന്നത്, " ജീവിതത്തിന്റെ ഏറ്റവും വലിയ സന്തോഷം എന്ന് പറയുന്നത്, ക്രിസ്തുവിനുവേണ്ടി എന്തും ഏതും ആയിതീരുക എന്നതാണ്. ചിലർ ലോകത്തിൽ ലാഭകരമായ സാഹസിക പ്രവർത്തനങ്ങൾക്കു വേണ്ടി ആളുകൾ അവരെ നിർബ്ബന്ധിക്കുമ്പോൾ, അത് അനവധിയായ സാമ്പത്തിക നേട്ടം വാഗ്ദാനം ചെയ്യുമ്പോൾ അതിനകുറിച്ചു ചിന്തിക്കുകയാണ്. എന്നാൽ കർത്താവിൽ വിശ്വസിച്ചു അവിടുത്തെ സ്നേഹം അനുഭവിക്കുന്ന ഒരുവൻ ലോകത്തിലെ ഏത് സന്തോഷത്തേക്കാൾ വലിയ സന്തോഷമാണ് അവന് ലഭിക്കുന്നത്. ലോകം വിളിച്ചു പറയുന്നു എത്ര ശ്രേഷ്ഠം എന്നോ നന്മ എന്നോ പറയുന്നത്, അവൻ സ്വീകരിച്ചാലും, കർത്താവിലൂടെ ലഭിക്കുന്ന നന്മകൾ, ഒരിക്കലും മങ്ങാത്ത കിരീടം, അതിനോട് തുല്യമാകയില്ല.

താല്ക്കാലിക സന്തോഷം വളരെ ലളിതമാണ്, അതുപോലെയാണ് ചില ആത്മീക നന്മകളും, എന്നാൽ കഷ്ടതകളും പരിശോധനകളും ജീവിതത്തിൽ കടന്നുവരും, നഷ്ടങ്ങളും ക്രൂശുകളും വരും, നീതിക്കു വേണ്ടി അത് സഹിക്കേണ്ടി വരും. ഒരിക്കലും നമ്മെ തെറ്റിക്കാത്ത അങ്ങനെയുള്ള കാലത്തെ നേരിടുവാൻ നാം ഒരുക്കമാണോ?

അപ്പോൾ നമുക്കു ലഭിക്കുന്ന അപ്പോസ്തോലിക കല്പന, " എല്ലാറ്റിനും സ്തോത്രം ചെയ് വിൻ " (1തെസ്സ. 5:18). നഷ്ടങ്ങൾ സംഭവിക്കുമ്പോൾ ആർക്കാണ് ക്രിസ്തുവിനുവേണ്ടി സന്തോഷിപ്പാൻ കഴിയുന്നത്? കഷ്ടതയിൽ ആർക്കാണ് മഹത്വം എടുക്കുവാൻ കഴിയുന്നത്?

വാഴ്ത്തപ്പെട്ട കർത്താവേ! അവിടുത്തെ ക്ഷീണിച്ച സഭയിലേക്ക് അവിടുത്തെ പരിശുദ്ധാത്മാവിന്റെ ശക്തി പകരണമേ. " മുന്തിരിത്തോട്ടം പോലെ പൂത്തുകായ്ച്ച് ഫലം തരുവാൻ സഹായിക്കേണമേ ". ഞാൻ ലോകത്തിന്റെ സന്തോഷം വിട്ട് എഴുന്നേൽക്കട്ടെ അവിടുത്തെ വിളിയെ അനുസരിപ്പാൻ എന്നെ ഒരുക്കേണമേ, അവിടുത്തെ വേല ചെയ്യുവാൻ അല്ലെങ്കിൽ സഹിക്കുവാൻ എന്നെ സഹായിക്കേണമേ. ഓരോ മണിക്കൂറിലും ഞങ്ങളുടെമേൽ പകരുന്ന കരുണയ്ക്കായി നന്ദിയുള്ളവരാക്കി ഞങ്ങളെ തീർക്കേണമേ. ഞാൻ പ്രാപിക്കുന്ന കരുണ ഹൃദയം തകർന്ന ഓരോ വ്യക്തിയും കണ്ട് അവർക്കാശ്വാസമാകുവാൻ സഹായിക്കേണമേ. യഥാർത്ഥ ദൈവഭക്തി എന്നിൽ വളരട്ടെ. ഞങ്ങൾ ആത്മീയമായി വരൾച്ചയിലായിരിക്കുന്നു, ഞങ്ങളുടെ ഹൃദയം അതിൽ ഉറെച്ചിരിക്കുന്നു. യഥാർത്ഥ സന്തോഷത്തിലേക്ക് ഞങ്ങളെ നടത്തേണമേ. ആത്മീക അനുഭവം ഞങ്ങൾക്കു തരേണമേ, സത്യത്തിലേക്ക് ഞങ്ങളെ നടത്തേണമേ അത് അവിടുത്തെ ജനത്തിന്റെ അവകാശവും ഓഹരിയുമാണമല്ലോ, ഇപ്പോഴുള്ളതിലും വരുവാനുള്ളതിലും നിത്യതയുടെ സന്തോഷത്തിനാൽ ഞങ്ങൾ നിറയപ്പെടട്ടെ. ❖

ദൈവസ്നേഹത്തിന്റെ നിറവ്

By Adolph Saphir

യേശുവിനെ നിങ്ങൾക്ക് അറിയാമോ, നിങ്ങളുടെ രക്ഷകൻ, നിങ്ങളുടെ കർത്താവ്, നിങ്ങളുടെ ദൈവം, യേശുവിന്റെ സഹോദരനാണോ നിങ്ങൾ, പിതാവിനെ നിങ്ങൾക്കറിയാമോ, നിങ്ങൾ രാജ്യത്തിന്റെ അവകാശികൾ ആണോ? അവിടുത്തെ പ്രത്യാശയിലാണോ നിങ്ങൾ ജീവിക്കുന്നത്, യേശുവിനെ താൻ ആയിരിക്കുന്നതുപോലെ കാണുവാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ, നിങ്ങൾ യേശുവിനെപ്പോലെ ആയിത്തീരും എന്ന പ്രത്യാശ നിങ്ങൾക്കുണ്ടോ? ഈ പ്രത്യാശ നിങ്ങൾക്കുണ്ടെങ്കിൽ അവിടുന്ന് വിശുദ്ധൻ ആയിരിക്കുന്നതുപോലെ ദിനംതോറും നിങ്ങളെതന്നെ വിശുദ്ധീകരിക്കുന്നോ? അതെ, കർത്താവിന്റെ സ്നേഹത്തിൽ ജീവിക്കുക! കർത്താവിന്റെ സ്നേഹത്തിന്മേൽ ജീവിക്കുക! കർത്താവിന്റെ സ്നേഹത്തിൽ നിന്നും ജീവിക്കുക, ദൈവത്തിന്റെ നിറവുകളിൽ കർത്താവായ യേശുവിനുവേണ്ടി ജീവിക്കുക! ഒരിക്കലും ഒന്നും തിരികെ എടുക്കുവാൻ ഞങ്ങൾ പരീക്ഷിക്കപ്പെട്ടിട്ടില്ല. എന്നാൽ യേശു

(ശേഷം 8-ാം പേജിൽ)

(5-ാം പേജിന്റെ തുടർച്ച)

വിശുദ്ധീകരണത്തിനുവേണ്ടിയുള്ള നമ്മുടെ കർത്താവിന്റെ പ്രാർത്ഥന

എല്ലാം ഒരുമിച്ച് പ്രവർത്തിച്ച് നന്മയ്ക്കായ് ആക്കിത്തീർത്ത് കർത്താവിനെ സ്നേഹിപ്പാൻ കാരണമാക്കുന്നു, പരിണിത ഫലം എന്നത് ഒരുക്കപ്പെട്ട് കറ ചുളുക്കം വാട്ടം ഒന്നും ഇ ല്ലാ തെ യോഗ്യരാക്കി തീർക്കുന്നു.

പ്രീയ സഹോദരന്മാരേ, ദൈവം നിങ്ങളിൽ പ്രവർത്തിക്കുന്നു; പരിശുദ്ധാത്മാവ് നമ്മെ രൂപാന്തരപ്പെടുത്തുന്നു, കർത്താവായ യേശുവിലുള്ള വിശ്വാസത്താൽ ഇവയൊക്കെയും നടക്കുന്നു. വിശുദ്ധീകരണത്തിനുവേണ്ടി അവനിൽ വിശ്വസിക്കാം, പ്രത്യേകിച്ച് അവിടുത്തെ വിശ്വസിച്ചതിനാൽ പാപമോചനവും നീതീകരണവും ലഭിച്ചിരിക്കുന്നു. അവിടുത്തെയ്ക്കു മാത്രമേ വിശുദ്ധീകരണം തരുവാൻ കഴിയുകയുള്ളൂ.

ദൈവത്തിന്റെ സത്യത്തിലൂടെ

എങ്ങനെ വിശ്വാസകളിൽ വിശുദ്ധീകരണം നടക്കുന്നു എന്നു നോക്കാം. “ സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ. നിന്റെ വചനം സത്യം ആകുന്നുവല്ലോ. പ്രീയരെ, സത്യത്തെയും വിശുദ്ധിയേയും എങ്ങനെയാണ് കൂട്ടിച്ചേർത്തിരിക്കുന്നത് എന്നതു ശ്രദ്ധിക്ക. സത്യത്തിൽ നിന്നും വളരുന്ന ഒരു ജീവിതമാണ് ക്രിസ്ത്യാനിത്വം. മൂന്നു വിധ സ്വഭാവങ്ങളോട് കൂടെയല്ലാതെ അവിടുന്ന് ശരിയായി അംഗീകരിക്കപ്പെടുന്നില്ല.

തെറ്റായ വിശ്വാസത്താൽ വിശുദ്ധജീവിതം ഉല്പാദിപ്പിക്കപ്പെടുന്നില്ല. ഹൃദയത്തിലെ ആന്തിരകമായ വിശ്വാസത്താലുള്ള ആത്മീക വർദ്ധന മുഖാന്തരമാണ് വിശുദ്ധീകരണം കാണത്തക്കവണ്ണമുള്ള സ്വഭാവമായിത്തീരുന്നത്. സത്യത്തിന്റെ ഫലമാണ് നല്ല പ്രവർത്തികൾ, സത്യത്തിലുള്ള വിശ്വാസം എന്നത് സത്യത്തിലുള്ള ആത്മാർത്ഥമായ ആശ്രയമാണ്. ഓരോ സത്യവും വിശുദ്ധിയേല്ക്ക് നയിക്കുന്നു, ഓരോ തെറ്റായ ഉപദേശവും പ്രത്യക്ഷമായോ പരോക്ഷമായോ പാപത്തിലേക്ക് നയിക്കുന്നു. ദൈവവചനം ആകുന്ന സത്യം ആളുകളെ വിശുദ്ധിയിലേക്ക് നടത്തുന്നു.

സത്യം എന്നത് നിങ്ങളുടെയും എന്റെയും അഭിപ്രായമല്ല; നിങ്ങളുടെയും എന്റെയും ദൂതുമല്ല. യേശു അരുളിചെയ്യുന്നു, “ നിന്റെ വചനം സത്യം ആകുന്നു ”. ആളുകൾ വിശുദ്ധീകരിക്കപ്പെടുന്നത് സത്യത്താൽ മാത്രമല്ല എന്നാൽ യഥാർത്ഥ സത്യവചനമാണ് “ നിന്റെ വചനം സത്യം ആകുന്നു ”.

പഠിക്കുക, അതേ, പ്രിയ സഹോദരന്മാരെ, എത്ര അത്ഭുതകരമായി വചനം നിങ്ങൾ അറിഞ്ഞിരിക്കുന്നു! നോക്കു സഹോദരിമാരേ, എത്ര അത്ഭുതകരമാണ് ദൈവത്തിന്റെ വചനം! ഇതു സത്യം എങ്കിൽ, സത്യത്താൽ ദൈവം നമ്മെ വിശുദ്ധീകരിക്കുന്നു എങ്കിൽ നമുക്ക് പഠിക്കാം, നമുക്കു ഏറ്റുകൊള്ളാം, അതിൽ അന്ത്യത്തോളം നിലനിൽക്കാം. ❖

(6-ാം പേജിന്റെ തുടർച്ച)

ആത്മാവിന്റെ ശക്തിക്കും സാന്നിദ്ധ്യത്തിനും വേണ്ടിയുള്ള പ്രാർത്ഥന

വാൻ നമ്മുടെ കർ ത്താവ് ജീവിക്കുന്നു. പരിശുദ്ധാത്മാവിന്റെ നിറവ് പ്രാപിക്കുവാൻ തന്റെ ശക്തിയാൽ, വരങ്ങളാൽ കൃപകളാൽ നിറയുവാൻ നമുക്ക് ആഗ്രഹമുണ്ടോ! സത്യത്തിന്റെ ആത്മാവിനാൽ നിറഞ്ഞ് സത്യത്തിന്റെ ആത്മാവിനാൽ നടത്തപ്പെട്ട് സകല സത്യത്തിലും നടത്തപ്പെടുവാൻ നമുക്ക് ആഗ്രഹമില്ലേ (യോഹ. 16:13). പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ധൈര്യം പ്രാപിച്ച് ദൈവത്തിന്റെ വചനം അധികാരത്തോടെ പ്രസംഗിക്കുവാൻ ആഗ്രഹമില്ലേ?(അ.പ്ര. 4:31). വിശുദ്ധിയുടെ ആത്മാവിനെ പ്രാപിച്ച് വിശുദ്ധീകരണം പ്രാപിപ്പാൻ ആഗ്രഹമില്ലേ (റോമ.15:16, 1 കൊരി. 6:11).

ദൈവത്തിന്റെ അനുഗ്രഹങ്ങൾക്കു വേണ്ടിയുള്ള പ്രാർത്ഥന

ഈ കുറിപ്പിലെ പ്രധാനവിഷയം എന്നത് വിശുദ്ധീകരണം ആണ്. ഈ അതിപ്രധാന വിഷയത്തെ നിങ്ങളുമായി പങ്കിടുവാൻ കർത്താവു തന്ന അവസരത്തിന് നന്ദിയർപ്പിക്കുന്നു. ഈ ദൂത് നിങ്ങളുടെ ഹൃദയങ്ങളെ സ്പർശിക്കേണ്ടതിനായി പ്രാർത്ഥിക്കുന്നു. ഞങ്ങൾ രണ്ട് പ്രാർത്ഥനകളും കൂടെ ഈ ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്നു. അതും നിങ്ങൾക്ക് അനുഗ്രഹമായി തീരട്ടെ എന്നും നിങ്ങൾക്കും, ഞങ്ങൾക്കും നമ്മുടെ ശുശ്രൂഷകൾക്കും ഈ അന്ത്യകാല ശുശ്രൂഷയ്ക്കും പ്രയോജനമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഈ കാരണത്തിനാൽ ഞാൻ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവിന്റെ മുമ്പിൽ മുട്ടു കുത്തുന്നു. പേർവരുവാൻ കാരണമായ സകല കുടുംബങ്ങളിലും തന്റെ ധനത്തിന്റെ മഹത്വത്തിനു ഒത്തവണ്ണം അവിടുന്ന് നമ്മെ അനുഗ്രഹിക്കും. തന്റെ ആത്മാവിനാൽ നമ്മുടെ അകത്തെ മനുഷ്യനെ ശക്തിപ്പെടുത്തി, വിശ്വാസത്താൽ ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിന്; നിങ്ങൾ അവനിൽ വേരൂന്നി സ്നേഹത്തിൽ അടിസ്ഥാനപ്പെട്ടവരായി, നീളവും വീതിയും ആഴവും ഉയരവും സകല വിശുദ്ധന്മാരോട് ഗ്രഹിപ്പാനും - ക്രിസ്തുവിൽ അറിവാനും, അത് നമ്മുടെ ഹൃദയങ്ങളിൽ എല്ലാനിറവിനാലും നിറഞ്ഞുവരേണ്ടതിനായും പ്രാർത്ഥിക്കുന്നു ”. (എഫെ.3:14-19).

“ ഈ കാരണത്താൽ മാത്രമല്ല, ഞങ്ങൾ നിങ്ങളെക്കുറിച്ചു കേട്ടനാൾമുതൽ ഇടവിടാതെ നിങ്ങൾക്കായി പ്രാർത്ഥിക്കയും, അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനത്തിലും ആത്മീക പക്വതയിലും നിറഞ്ഞു വരേണ്ടതിനായി പ്രാർത്ഥിക്കയും, കർത്താവിന് പ്രയോജനമുള്ളവരായി നടന്ന്, അവിടുത്തെ മഹത്വപ്പെടുത്തി, എല്ലാ സൽപ്രവർത്തികളിലും തികഞ്ഞവരായി, ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളർന്നു വരികയും; അവിടുത്തെ മഹത്വമുള്ള ശക്തിയിലും, ദയയിലും ദീർഘക്ഷമയിലും, സന്തോഷമുള്ളവരായി, അവിടുത്തെ ശക്തിയിൽ ബലപ്പെട്ട്, വിശുദ്ധന്മാർക്കു വെളിച്ചത്തിൽ ഉള്ള അവകാശത്തിന് നമ്മെ പ്രാപ്തരാക്കിയ പിതാവിന് നന്ദിയും മഹത്വവും കരേറ്റാം”. (കൊ ലൊ. 1:9-12).

പ്രാർത്ഥന എന്നത് വളരെ ലളിതമായതാണ്. അപ്പോൾ തന്നെ പ്രയാസമേറിയതാണ്; ബലഹീനമാണ്, അപ്പോൾ തന്നെ വളരെ ശക്തിമത്താണ്; അതിന്റെ സാദ്ധ്യതകൾ മാനുഷിക ചിന്താഗതികൾക്ക് പുറത്താണ്. സ്വർഗ്ഗത്തിലെ ദൈവത്തിന് മാത്രമേ അതിനെ പരിമിതപ്പെടുത്തുവാൻ കഴികയുള്ളൂ.

ഇ.എം.ബോണ്ട്സ്

❖

(7-ാം പേജിന്റെ തുടർച്ച)

ദൈവസ്നേഹത്തിന്റെ നിറവ്

വിൻ രക്തം മാത്രം അത് നമ്മുടെ പാപങ്ങളെ ഒക്കെയും നീക്കിക്കളയുന്നു. ഓരോ സമയവും നിങ്ങൾ കർത്താവിന്റെ മേശയോട് സമീപിക്കുന്നുണ്ടോ, നമുക്കായി കാൽവറിക്രൂശിൽ മരിച്ച യേശുവിനെ ഓർക്കുന്നുണ്ടോ, നിങ്ങൾ ലോകത്തോട് പറയുക, കർത്താവിന്റെ മരണത്തെ ലോകത്തിന് കാണിച്ചുകൊടുക്കും; അവിടുന്ന് തന്റെ വേല പൂർത്തീയാക്കി, രക്ഷ സമ്പൂർണ്ണമാണ്, അവൻ മാനവജാതിക്കുവേണ്ടി തന്നെത്താൻ യാഗമായി സമർപ്പിച്ചു. പൂർണ്ണതയുള്ള, മതിയായ, പാപപരിഹാരയാഗമായി സമർപ്പിച്ചു. ക്രിസ്തു നമുക്കായി ക്രൂശിക്കപ്പെട്ടു, അതെ, എന്നാൽ അവിടുന്ന് ഉയിർത്തെഴുന്നേറ്റ്, നാം അവനിൽ ഒരു ശരീരമായിത്തീർന്നു. എന്നേയ്ക്കും ക്രിസ്തുവിൽ ജീവിക്കും. ആർ നമ്മെ കുറ്റം വിധിക്കും, ഈ സ്നേഹത്തിൽ നിന്ന് ആർ നമ്മെ വേർപിരിക്കും? അവിടുന്ന് നമുക്കു വേണ്ടി മരിച്ചു, അത്യുന്നതായ ദൈവത്തിന്റെ പുത്രനായ യേശു നമുക്കായി ജീവിക്കുന്നു. ❖

ക്രിസ്തുവിന്റെ മഹത്വത്തിനായി ജീവിക്കുന്നു

By David Bryant

ഡെത്ത് വാലി കാലിഫോർണിയയിലെ ഏറ്റവും വിശാലമായ മരുഭൂമിയാണ്, ഏറ്റവും താഴ്ചയുള്ള, വരണ്ട, ചൂടേറിയ നോർത്ത് അമേരിക്കയിലെ ഒരു ഭാഗമാണത്. ഇത് തരിശായ വിജനമായ പ്രദേശമാണ്. ഇതിന്റെ പടിഞ്ഞാറുഭാഗത്ത് 134 ഡിഗ്രി ഫാറൻഹീറ്റ് ചൂടുണ്ട്. "ഡത്ത് അഥവാ മരണം" തികച്ചും യോജിച്ചതായ ഒരു പരാമർശമാണ്. ആൾ പാർപ്പില്ലാത്ത പാർക്കാൻ കഴിയാത്ത ഒരു പ്രദേശമാണിത്.

അവിടെ 2005-ൽ ആറ് ഇഞ്ച് വരുന്ന ഒരു മഴ പെയ്തു. പെട്ടെന്ന് ചെടികൾ വളർന്ന് പൂക്കുവാൻ തുടങ്ങി. ആ മഴ ആ മരുഭമിയെ രൂപാന്തരപ്പെടുത്തി. മരുഭൂമി ജീവൻ പ്രാപിച്ചു. യെശയ്യാ പ്രവാചകൻ പറയുന്ന വാഗ്ദത്തം പോലെ, "ദാഹിച്ചിരിക്കുന്നേടത്ത് ഞാൻ വെള്ളവും വരണ്ട മിലത്തു നീരൊഴുക്കുകളും പകരും; നിന്റെ സന്തതിമേൽ എന്റെ ആത്മാവിനെയും നിന്റെ സന്താനത്തിന്മേൽ എന്റെ അനുഗ്രഹത്തെയും പകരും. അവർ പുല്ലിന്റെ ഇടയിൽ നീർത്തോടുകൾക്കരികെയുള്ള അലരികൾ പോലെ മുളച്ചു വരും" യെശ. 44:3-4.

ഇത് ഉണർവ്വിന്റെ ഒരു ചിത്രമാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് ദൈവത്തിന്റെ വചനം വെളിപ്പെടുത്തുന്ന ദൈവപുത്രനെ കൊണ്ട് സഭയെ നിറയ്ക്കുന്നു. ദൈവത്തിന്റെ ജനം ജീവൻ പ്രാപിച്ച് തന്റെ മഹത്വത്തിനായി ജീവിക്കയും മുഴുവനായും പുതിയ വഴികളിൽ.

ഉണർവ്വ് എന്ന് പറയുന്നത് കേവലം സഭാ കലണ്ടറിലെ ഒരു സംഭവമല്ല. ദൈവം തന്റെ ജനത്തെ ഒന്നുകൂടെ ശക്തി ധരിപ്പിക്കുന്ന അനുഭവമാണ്. കഴിഞ്ഞ വർഷങ്ങളേക്കാളുപരി രാജ്യം അഭിവൃദ്ധിപ്പെടുത്തുകയാണ്. വേദപഠിതാക്കൾ അഭിപ്രായപ്രകാരം തുടർച്ചയായ നാലു ഉണർവ്വുകൾ അമേരിക്കൻ ചരിത്രത്തിൽ കാണാം (1700 കൾ ആദ്യം, 1700 കൾ അവസാനം, 1800 കൾ മദ്ധ്യം 1900-കൾ ആദ്യം). സഭകളിലും സമൂഹത്തിൽ പൊതുവെയും ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ഉണർവ്വുകൾ കാണാം.

ദൈവം തന്റെ ജനത്തിന് "പുതിയ കാറ്റ് അടിപ്പിക്കുന്നു, ആത്മീയ ജീവിതത്തിന്റെ സന്തോഷത്തിനായുള്ള ഒരു ഉണർവ്വല്ല, പിന്നെയോ ദൈവപുത്രനെക്കുറിച്ചുള്ള പുതിയ വെളിപ്പാടുകൾ സമൂഹത്തിൽ പകർന്ന് രാജ്യങ്ങളിലൂടെ അതു പ്രകാശിപ്പിച്ച് സഭകൾക്ക് നൽകുന്നു. ❖

വിശുദ്ധിയുടെ ഉണർവ്വ്

ഞങ്ങൾ ഞങ്ങൾക്കുള്ളമെച്ചമായതിൽ ഞങ്ങൾ തൃപ്തരാവുന്നില്ല, എന്നാൽ പുറത്ത് കണ്ടെത്തുന്ന ആത്മാക്കളാണ് ഏറെ നല്ലത്. സഭയുടെയും ലോകത്തിന്റെയും പ്രശ്നം അടിസ്ഥാനപരമായി ആത്മീകമാണ്, അതുകൊണ്ട് അതിന്റെ പരിഹാരമാർഗ്ഗങ്ങളും ആത്മീകമാണ്. ഓരോ വിശ്വാസിയും വിശുദ്ധി അന്വേഷിക്കുന്നു, ശുദ്ധഹൃദയത്തിൽ ക്രിസ്തുവിന്റെ സ്നേഹം നിറഞ്ഞിരിക്കുന്നു, ആകയാൽ ഉണർവ്വ് അടുത്തിരിക്കുന്നു.

നാം ഓരോരുത്തരും പ്രഖ്യാപിക്കുന്നത് "സഭകളുടെയും ലോകത്തിന്റെയും ഏറ്റവും പ്രധാനപ്പെട്ട ആവശ്യം വ്യക്തിപരമായ വിശുദ്ധിയാണ്. ധാരാളം ആവശ്യങ്ങൾ ലോകത്തിലുണ്ട്. രാഷ്ട്രീയമായി, സാമ്പത്തികമായി, സാംസ്കാരികമായി എന്നാൽ ആഴമായ ആവശ്യം എന്നത് മനുഷ്യരാശിയുടെ ആത്മാവിന്റെ വീണ്ടെടുപ്പാണ്. ഇത് വിശ്വാസികളിൽ ഒരു വിശുദ്ധിയുടെ ഉണർവ്വ് വിളിച്ചു വരുത്തുന്നു. ലോകമയത്വത്തിൽ ഇരിക്കുന്ന പ്രാർത്ഥനയില്ലാത്ത, ദർശനം ഇല്ലാത്ത സഭയ്ക്ക് മാനവകുലത്തിന്റെ ഏറ്റവും മോശമായ അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തി അവരെ സഹായിക്കാൻ സാദ്ധ്യമല്ല. ആദിമ സഭ വിശുദ്ധി ക്ക് പ്രാധാന്യം കല്പിച്ചിരുന്നു.

വെസ്ലി തുടങ്ങിയ 18-ാം നൂറ്റാണ്ടിലെ ഉണർവ്വു നായകന്മാർ പ്രാധാന്യം കൊടുത്തു പഠിപ്പിച്ചിരുന്നതും അനുഭവമാക്കിയിരുന്നതും ജീവിത വിശുദ്ധിയാണ്. അങ്ങനെ മുന്നോട്ടു വന്ന ജനം നയിക്കപ്പെട്ടതും അവർ അന്വേഷിച്ചതും വിശുദ്ധീകരണവും പരിശുദ്ധാത്മാവിലുള്ള സ്നാനമായിരുന്നു. അവർക്കുണ്ടായിരുന്ന ഒരു സന്തോഷം സ്നേഹം, ശക്തി മുദ്ര എന്നിവ വലിയ അളവിൽ ഇന്നത്തെ സഭകളിൽ കാണുന്നില്ല. മെതഡിസ്റ്റുകാർ പറയുന്നത് ഞങ്ങൾ ഒന്നും ചെയ്യുന്നില്ല എന്നാൽ പ്രാർത്ഥിക്കുന്നു, ആധുനിക മെതഡിസ്റ്റുകാരും മറ്റു ക്രിസ്ത്യൻ സമൂഹങ്ങളും പറയുന്നത് ഞങ്ങൾ ഓരോ കാര്യങ്ങളും ചെയ്യുന്നു, പ്രാർത്ഥിക്കയും ചെയ്യുന്നു.

ആരോഗ്യകരമായ ഒരു സഭയ്ക്ക് വിശുദ്ധീകരിക്കപ്പെട്ട അംഗങ്ങളുണ്ടായിരിക്കും. പ്രവർത്തകർ ആയി, പോരാളികൾ ആയി, പ്രാർത്ഥനാപോരാളികൾ ആയി, ആത്മാക്കളെ നേടുന്നവരായി അവർ സഭയുടെ ജീവനായി എല്ലാം എല്ലാമായി ഉണ്ടായിരിക്കും. ചിലർ ചെറുപ്പക്കാർ ആയിരിക്കും. ചിലർ പ്രായമുള്ളവർ ആയിരിക്കും. ചിലർ വിദ്യാഭ്യാസമുള്ളവരായിരിക്കും. ചിലർ വിദ്യാഭ്യാസം ഇല്ലാത്തവരായിരിക്കും, ചിലർ ധനികർ ആയിരിക്കും. ചിലർ പാവപ്പെട്ടവർ ആയിരിക്കും. എന്നാൽ ഒരു കാര്യത്തിൽ അവർ പൊതുവായിരിക്കും, അവർ ഏകാഗ്രതയുള്ളവരാണ്, വിശുദ്ധീകരിക്കപ്പെട്ടവരാണ്. വിശുദ്ധിയുടെ പൂർണ്ണതയ്ക്കുവേണ്ടി അവർ പരസ്പരം ധൈര്യപ്പെടുത്തി യേശുവിനെപ്പോലെ ജീവിക്കുവാൻ ശ്രമിക്കുന്നവരാണ്. ദൈവത്തിന്റെ പർവ്വതത്തിൽ കയറുവാൻ ശ്രമിക്കുന്നു. എന്നാൽ അതിന്റെ ഉയരങ്ങൾ കീഴടക്കുവാൻ ജീവിതത്തിൽ അവർക്കു കഴിയുന്നില്ല. പക്ഷേ അവർ ഓടിമരിക്കുവാൻ അവർ ആഗ്രഹിക്കുന്നു. പതുക്കെ ഓടുവാൻ അവർ ആഗ്രഹിക്കുന്നില്ല. അവരുടെ പ്രാർത്ഥന എപ്പോഴും മുന്നോട്ട് അല്ലെങ്കിൽ ഉയരങ്ങളിലേക്ക് കർത്താവിന്റെ വരവിൽ അവിടുത്തെ എതിരേല്ക്കും വരെയും അല്ലെങ്കിൽ അവിടുത്തെ രൂപത്തോട് അനുരൂപം പ്രാപിക്കുന്നതുവരെയും.

"സമാധാനത്തിന്റെ ദൈവം തന്നെ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുവാൻ തക്കവണ്ണം കാക്കപ്പെടുമാറാകട്ടെ. നിങ്ങളെ വിളിച്ചവൻ വിശ്വസ്തൻ ആകുന്നു, അവൻ അതു നിവർത്തിക്കും (1തെസ്സ.5:33,34) ❖

വാഗ്ദത്തദായകനിൽ ഉള്ള വിശ്വാസം

By Charles H.Spurgeon

"അങ്ങനെ ദലീല ശിംശോനോട്: നിന്റെ മഹാ ശക്തി ഏതിൽ ആകുന്നു? ഏതിനാൽ ബന്ധിച്ച് ഒതുക്കാം? എനിക്ക് പറഞ്ഞു തരേണം എന്നു പറഞ്ഞു" (ന്യായാ. 16:6).

വിശ്വാസത്തിന്റെ ശക്തിയുടെ രഹസ്യം ഏതിലാണ് സ്ഥിതി ചെയ്യുന്നത്? കഴിക്കുന്ന ആഹാരത്തിൽ അത് സ്ഥിതി ചെയ്യുന്നു. വാഗ്ദത്തത്തെക്കുറിച്ചു വിശ്വാസം പഠിപ്പിക്കുന്നത് ദൈവകൃപയുടെ ബഹിർഗമനമാണ് വാഗ്ദത്തം എന്നത്, ദൈവത്തിന്റെ ഹൃദയത്തിൽ നിന്നുള്ള ഒരു കുത്തൊഴുക്ക്; കൂടാതെ വിശ്വാസം ഇങ്ങനെ പറയുന്നു, "തന്റെ സ്നേഹത്തിൽ നിന്നും കൃപയിൽ നിന്നുമല്ലാതെ ദൈവത്തിന് വാഗ്ദത്തം കൊടുക്കുവാൻ സാദ്ധ്യമല്ല; അതുകൊണ്ട് അവിടുത്തെ വചനം നിറവേറുന്നു എന്നുള്ളത് വളരെ സുനിശ്ചിതമാണ്. അങ്ങനെയായാൽ വിശ്വാസം ചിന്തിക്കുന്നത്, ആരാണ് ഈ വാഗ്ദത്തം നൽകിയത്. ഈ വാഗ്ദത്തത്തിന്റെ അമിതപ്രാധാന്യമല്ല ഇവിടെ പ്രതിധ്വനിക്കുന്നത്, അതായത്, ആരാണ് ഇതിന് കാരണക്കാരൻ എന്നാണ്? അവർ ഓർക്കുന്നുണ്ട്. ദൈവം

(ശേഷം 10-ാം പേജിൽ)

(9-ാം പേജിന്റെ തുടർച്ച)

വാഗ്ദത്തദായകനിൽ ഉള്ള വിശ്വാസം

കള്ളം പറയുകയില്ല. ദൈവം സർവ്വശക്തനാണ്, ദൈവം മാറ്റമില്ലാത്തവൻ, അതുകൊണ്ട് ഉപസംഹരിച്ചു പറയുന്നു, വാഗ്ദത്തം നിറവേറുകതന്നെ ചെയ്യും. അവർ ഓർക്കുന്നു, എന്തുകൊണ്ടാണ് വാഗ്ദത്തം നൽകപ്പെട്ടത്. ദൈവത്തിന്റെ മഹത്വത്തിനു വേണ്ടി, അതുകൊണ്ട് അത് സമ്പൂർണ്ണമായി നിശ്ചയമാണ്. ദൈവത്തിന്റെ മഹത്വം സുരക്ഷിതമാണ്, തന്റെ മഹത്വം മലിനപ്പെടുവാൻ അവൻ സമ്മതിക്കയില്ല, അവിടുന്ന് തന്റെ മഹത്വം മറ്റാർക്കും വിട്ടു കൊടുക്കുകയില്ല, അതുകൊണ്ട് നിശ്ചയമായി തന്റെ വാഗ്ദത്തം നിലനില്ക്കും.

അങ്ങനെ വിശ്വാസം പരിഗണിക്കുന്നത്, ക്രിസ്തുവിന്റെ അത്ഭുതകരമായ പ്രവർത്തിയും പിതാവിന്റെ വചനം നിവർത്തിയാകേണം എന്നുള്ളതിന്റെ ശരിയായ തെളിവും കൂടെയാണ്. " സ്വന്ത പുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കും വേണ്ടി ഏല്പിച്ചു തന്നവൻ അവനോടുകൂടെ സകലവും നമുക്ക് നൽകാതിരിക്കുമോ? (റോമ. 8:32). മാത്രമല്ല വിശ്വാസം കഴിഞ്ഞകാലങ്ങളെ തിരിഞ്ഞുനോക്കുന്നു, അവളുടെ പോരാട്ടങ്ങൾ അവളെ ശക്തിപ്പെടുത്തി, അവളുടെ വിജയങ്ങൾ അവൾക്ക് ധൈര്യം പകർന്നു. അവൾ ഓർക്കുന്നു ദൈവം അവളെ പരാജയപ്പെടുത്തിയിട്ടില്ല; അതെ, ഒരിക്കലും തന്റെ കുഞ്ഞുങ്ങൾ പരാജയപ്പെടുവാൻ അവിടുന്ന് സമ്മതിക്കയില്ല. തന്റെ പരിതാപകരമായ അവസ്ഥകൾ വന്നപ്പോൾ വിടുവിച്ച ദൈവത്തിന്റെ പ്രവൃത്തികളെ നോക്കി, ദൈവം വിടുവിച്ച സമയങ്ങളെ ഓർത്തു. ആതിദാരുണമായ ആവശ്യങ്ങളുടെ സമയത്ത്, ദൈവത്തിന്റെ പ്രവർത്തിയെ അവർ കണ്ടു, അവൾ പറയുന്നത്, "ഇല്ല ഒരിക്കലും ദൈവം തന്റെ ഭക്തന്മാരെ കൈവിടുകയോ ഉപേക്ഷിക്കയോ ഇല്ല എന്ന് ഞാൻ വിശ്വസിക്കുന്നു. ഇത്രത്തോളം കർത്താവ് എന്നെ സഹായിച്ചു. ഇനിയും എന്റെ ദൈവം എന്നെ സഹായിക്കും".

അങ്ങനെ വിശ്വാസം വിലയിരുത്തുന്നത്, ഓരോ വാഗ്ദത്തവും അതിന്റെ ദായകനിൽ ബന്ധപ്പെടുത്തിയാണ്. കാരണം അവൾ ഉറപ്പോടെ പറയുന്നു, "നന്മയും കരുണയും എന്റെ ആയുഷ്ക്കാലമൊക്കെയും എന്നെ പിന്തുടരും".

ഫലവത്തായത് എപ്പോഴും ദൈവത്തിന്റെ നിറവുകളെ പിന്തുടരുന്നു

By Fred D. Jarvis

വേദപുസ്തക ക്രിസ്ത്യാനിത്വം എന്നത് പ്രധാനമായും ജീവിതമാണ്. ആദിമ വിശ്വാസികളെ സംബന്ധിച്ച് അവർക്ക് ഉറച്ചതും യഥാർത്ഥ്യമായ വിശ്വാസം ഉണ്ടായിരുന്നു. വിജയകരമായ ജീവിതത്തിന്റെ രഹസ്യം അവർ മനസ്സിലാക്കിയിരുന്നു. അവർക്ക് യേശു കർത്താവായിരുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ കർത്വം എന്നത് വീണ്ടെടുപ്പിൻ പ്രവർത്തിയുടെ ഒരു രൂപരേഖയായിരുന്നു. അവിടുന്ന് അവർക്ക് എല്ലാം എല്ലാം ആയിരുന്നു. അവരുടെ പ്രധാന ഉദ്ദേശം എന്നത്, "സകലത്തിനും താൻ മുമ്പനാകേണ്ടതിന് " (കൊലോ. 1:18).

കർത്താവായ യേശുക്രിസ്തുവിന്റെ കർതൃത്വവും ആത്മാവിന്റെ പൂർണ്ണതയും വിജയകരമായ വിശ്വാസത്തിന്റെ അടിസ്ഥാനപരമായ രണ്ട് താലന്തുകൾ ആയിരുന്നു. ദൈവത്തിന്റെ അഭിഷേകം അവർക്ക് മറുപടിയായിരുന്നു. സ്വർഗ്ഗത്തിലും ഭൂമിയിലും എല്ലാ അധികാരങ്ങളും ഉള്ള ഒരു രക്ഷകനെ ആരാധിച്ചു. സ്വർഗ്ഗത്തിൽ നിന്നും അയയ്ക്കപ്പെട്ട ദൈവശക്തിയാൽ ആദിമ സഭ ദൈവത്തെ ശുശ്രൂഷിച്ചു. ആത്മശക്തിയുടെ പ്രദർശനമായി അവർ പ്രസംഗിച്ചു. അവർ ലോകത്തെ കീഴ്മേൽ മറിച്ചു. അപ്പോസ്തലപ്രവൃത്തി എന്നത് ദൈശക്തിയുടെ പുസ്തകമായിരുന്നു. തിരമാലകൾ പോലെ ശക്തമായ പരിശുദ്ധാത്മാവിന്റെ പ്രവർത്തി അത് അറിയപ്പെടുന്ന ലോകത്തെയാകമാനം കീഴ്പ്പെടുത്തി.

യേശു പറഞ്ഞു, "ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ട് : ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തുകൾ പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന് വിളിച്ചു പറഞ്ഞു " (യോഹ. 7:37,38). അനുഗ്രഹത്തിന്റെ ഒരു ദിവ്യമായ ഒഴുക്ക് അവർ അനുഭവിച്ചു. ദൈവാത്മാവിന്റെ കവിഞ്ഞൊഴുക്ക് അന്നുണ്ടായി. അത് ഒരു അരുവിയുടെ ഒഴുക്കല്ല, ഒരു ചെറിയ നദിയുടെ ഒഴുക്കുമല്ല. എന്നാൽ ജീവജലത്തിന്റെ ശക്തമായ ഒഴുക്ക്.

അവരുടെ സാക്ഷ്യം അവരുടെ ബലഹീനതയിലല്ല, അവിടുത്തെ ശക്തിയിലത്രേ; ദൈവത്തിന്റെ പരിശുദ്ധാത്മാവും ഇറങ്ങി വന്നു ശിഷ്യന്മാർ പുറപ്പെട്ടുപോയി. സഭ ഒരു ജോലിയിലാണ് ജനിച്ചത്. യേശുവിന്റെ വാഗ്ദത്തത്തിന്റെ ശക്തി പെന്തെക്കോസ്തിനെ നിറെച്ചു. ശിഷ്യന്മാർ ആത്മീകമായി രൂപാന്തരപ്പെട്ടു.

പരിശുദ്ധാത്മാവിന്റെ ഉന്നതമായ വ്യാപാരശക്തിയാൽ നടത്തപ്പെടുന്ന ആദിമ സഭ തെറ്റ് ഇല്ലാത്തതായിരുന്നു. എന്നാൽ ഇന്ന് പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ഇല്ലാത്ത സമൂഹമായി മാറി. ലോകമയത്വം ക്രിസ്ത്യനിത്വത്തിൽ കയറിപ്പറ്റിയിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തി ഇന്ന് സഭകളിൽ ആവശ്യമായിരിക്കുന്നു.

നാം പ്രകൃത്യാതീതമായ ഉന്നതമായ ദൈവശക്തിയെക്കാൾ ഉപരിപ്ലവമായ കാര്യങ്ങളെ പഠിക്കുകയാണ്. ലോകത്തെകൂടെ ആസ്വദിക്കുവാൻ നാം ശ്രമിക്കുകയാണ്. ദൈവവചനത്തിന്റെ ലോകത്തിന്റെ വഴികളിലേക്കിറങ്ങി ആത്മിക ലോകം നശിച്ചുകൊണ്ടിരിക്കുകയാണ്. സഭകൾ എണ്ണത്തിൽ പെരുകുന്നു, വിശുദ്ധന്മാർ ഇല്ലാതെ പോകുന്നു.

സഭയുടെ ധാർമ്മികനിലവാരം അധ:പതിക്കുന്നു. പല പപങ്ങളും മുൻനിര സഭകളിൽ അംഗീകരിച്ചുപോകുന്നു എന്നു ഞെട്ടിക്കുന്ന വിവരങ്ങളാണുള്ളത്. അഭിമാനത്തോടെ അനേകർ സഭയിൽ പോകുന്നു, എന്നാൽ ആത്മശക്തി അപ്രത്യക്ഷമായിരിക്കുന്നു.

ആദിമ സഭ ലക്ഷ്യമുള്ള സഭയായിരുന്നു. ക്രൂശിക്കപ്പെട്ടയേശുവിനെ മാത്രം അവർ അറിഞ്ഞിരുന്നു. അവരുടെ ലക്ഷ്യം ക്രിസ്തുവിനെ അറിഞ്ഞിട്ടില്ലാത്തയിടങ്ങളിൽ വനചം പ്രസംഗിക്കുക എന്നതായിരുന്നു. വരുമാനത്തെക്കുറിച്ചു അവർ ചിന്തിച്ചില്ല, അവരുടെ സുരക്ഷിതത്വമോ, അവരുടെ നിലവാരമോ അവർ ചിന്തിച്ചില്ല. എന്നാൽ ദൈവത്തിന്റെ ഇഷ്ടം ഹൃദയാംഗമായി അവർ ചെയ്തു.

അവരുടെ പ്രധാന ചിന്ത കെട്ടിടങ്ങളോ, ബഡ്ജറ്റുകളോ ആയിരുന്നില്ല. എന്നാൽ പരിശുദ്ധാത്മാവിൽ സാക്ഷ്യം പറയുക എന്നതായിരുന്നു അവരുടെ ചിന്ത. ജഡത്തിന്റെ മഹത്വം അവർ അന്വേഷിച്ചില്ല, ഏറ്റവും വലിയ പള്ളി നഗരത്തിൽ പണിയണം എന്ന് ചിന്തിച്ചില്ല. പകരം ആളുകളെ യേശുക്രിസ്തുവിങ്കലേക്ക് നടത്തി.

ദൈവം നമ്മെ ആത്മാവിനാൽ നിറച്ചത് നമ്മുടെ ജീവിതത്തെ സന്തോഷിപ്പിക്കുവാനല്ല, തന്റെ മഹത്വമുള്ള വേലക്കാരാകുവാനാണ്. ഫലം കായ്ക്കുന്നവർ എപ്പോഴും ദൈവത്തിന്റെ നിറവുകളെ പിൻതുടരുന്നു, "എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു ". (പ്രവൃ.1:8).

ആത്മശക്തിയുടെ വ്യാപാരത്തിന്റെ ഫലം എന്നത് ആത്മാക്കളെ നേടുന്നതും സുവിശേഷ പ്രവർത്തനങ്ങളുമാണ്. നമുക്ക് യേശുവിനെ നോക്കാം. നഷ്ടപ്പെട്ടവരുടെ അടുക്കലേക്ക് നമുക്ക് പോകാം.